# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ശ്ലീഹാ-കൈത്താ ലക്കം - 2011



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



അമ്മേ, ഭാഗ്യമിയന്നവളേ,
കനകവിളക്കാം കന്യേ നീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

നിന്നിൽ നിന്നുമുദിച്ചവനാം
നിസ്തുലനവനുടെ ജനനത്താൽ
സകലരുമൊരുപോലീമന്നിൽ
വിണ്ണിന്നുന്നതി നേടുകയായ്

കുറവെന്യേ നിന്നുദരഫലം
നുകരുന്നേവരുമൊരുപോലെ
മോചനമരുളി മാനവനായ്
ധന്യേ, നിന്നുടെ ദിവ്യസുതൻ.

(ശ്ലീഹാക്കാലം, ബുധൻ ലെലിയാ)

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 3 ശ്ലീഹ-കൈത്താ ലക്കം 2011



"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).

## ഉള്ളടക്കം


- വിശ്വാസജീവിതം: സ്നേഹജീവിതം 3
- കുടിയേറ്റത്തിന്റെ മാനവികത 6
- യുവജനങ്ങൾ പുതിയ സഹസ്രാബ്ദത്തിന്റെ വിശുദ്ധർ 8
- ഒരു ജന്മദിനത്തിന്റെ ഓർമ്മക്കുറിപ്പ് 11
- കാതോർക്കാം...ദൈവസ്വരത്തിനായി 12
- ഉറകെട്ടുപോയ ജീവിതമാണോ നിന്റേത് 14
- ബൈബിളിനെ അറിയാൻ 18
- ധാരണകളെ മൂടുന്ന മാറാലകൾ 21
- ദൈവത്തിന്റെ കരവലയത്തിൽ 23
- സൗഖ്യദായകസ്പർശനം 26
- ആത്മാവിൽ നവ സൃഷ്ടിയാകാൻ.... 29
- എൻട്രൻസ് എക്സാം 30
- അവന്റെയൊരു മൊവീല് 32


സ്പിരിച്വൽ ഡയറക്ടർ:
റവ. ഫാ. മാത്യു വെള്ളാനിക്കൽ

ചീഫ് എഡിറ്റർ:
ഷിനി മുതുപ്ലാക്കൽ എ.ഒ.

എഡിറ്റോറിയൽ ബോർഡ്:
സുജ ചോതിരക്കുന്നേൽ എ.ഒ.
റ്റെസി കറുകപ്പറമ്പിൽ എ.ഒ.
ഷീലമ്മ പൂതക്കുഴി എ.ഒ

അഡ്വൈസറി ബോർഡ്:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അന്നമ്മ കുളത്തുപുരയിടം എ.ഒ.

സർക്കുലേഷൻ മാനേജർ:
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

വാർഷിക വരിസംഖ്യ -50/-

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി.ഒ.,
കോട്ടയം 686 018
ഫോൺ: 0481-2578192,2309774
Email: prosanctity@gmail.com

എഡിറ്റോറിയൽ



# സഹായകന്റെ ശക്തിയാൽ...

"ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും" (യോഹ 14,16).

ഈശോയുടെ ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിന് പന്തക്കുസ്താദിനത്തിൽ പരി. കന്യകാമറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്ന ശ്ലീഹന്മാർ സാക്ഷികളായി. ആത്മാവ് വർഷിച്ച അറിവും ശക്തിയും ധൈര്യവും പ്രഘോഷണചാതുരിയും കൈമുതലാക്കി, വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും, ഒപ്പം സ്വജീവൻ ബലിയർപ്പിച്ചും ശ്ലീഹന്മാർ ഈശോയ്ക്ക് സാക്ഷ്യമേകി. രക്തസാക്ഷികളുടെ ചുടുനിണത്താൽ സഭ വളർന്നു.

കൂദാശകളിലൂടെ കടന്നുവന്ന് കൂടെയായിരിക്കാനാഗ്രഹിക്കുന്ന പരി. റൂഹായ്ക്ക് വസിക്കാനുള്ള വിശുദ്ധകൂടാരമായി ഹൃദയത്തെ മാറ്റേണ്ടേ...

ഹൃദയാന്തരംഗത്തിൽനിന്നുയരുന്ന നന്മയുടെ നനുത്ത മിടിപ്പുകൾ അവിടുത്തെ സ്വരമായി തിരിച്ചറിയേണ്ടേ...

ആദിമസഭയിലെ അത്ഭുതങ്ങൾ അനുദിനജീവിതത്തിൽ ആവർത്തിക്കുമെന്ന അടിയുറച്ച വിശ്വാസത്തിലൂടെ അവിടുന്ന് നല്കുന്ന ആശ്വാസം അനുഭവിച്ചറിയേണ്ടേ...

പ്രാർത്ഥനയിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രഘോഷണങ്ങളിലൂടെയും മിശിഹായ്ക്ക് സാക്ഷ്യംവഹിക്കേണ്ടേ...

സാധിക്കുന്ന സഹായങ്ങളും സാന്ത്വനങ്ങളും സഹോദരന് നല്കിക്കൊണ്ട് സഭയെ വളർത്തേണ്ടേ...

പരിശുദ്ധാത്മാവിന്റെ ആഗമനത്തോടനുബന്ധിച്ചുള്ള ശ്ലീഹാക്കാലത്തിലേക്കും, ആത്മാവിന്റെ ശക്തിയാൽ വളർച്ച പ്രാപിച്ച് ഫലം ചൂടിയ തിരുസ്സഭയെ ഓർമ്മിക്കുന്ന കൈത്താക്കാലത്തിലേക്കും പ്രവേശിക്കുമ്പോൾ ഈ ചിന്തകൾ നമ്മെ ഭരിക്കട്ടെ!

ഷിനി മുതുപ്ലാക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



സെനക്കിൾ ആദ്ധ്യാത്മികത

# വിശ്വാസജീവിതം: സ്നേഹജീവിതം

ഡോ. മാത്യു വെള്ളാനിക്കൽ

ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ, ദൈവത്തിന്റെ പരമാവധിസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്: "സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു" (യോഹ 13,1). പരസ്യജീവിതത്തിൽ തന്റെ ജീവിതത്തിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അത്ഭുതങ്ങളിലൂടെയുമാണ് ഈ സ്നേഹം ഈശോ വെളിപ്പെടുത്തിയതെങ്കിൽ, ജീവിതാന്ത്യത്തിൽ തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് ഈശോ ഇത് നിർവഹിച്ചത്. അതുകൊണ്ട് വിശ്വാസമെന്നത് ദൈവത്തിന്റെ സ്നേഹത്തിന് പ്രത്യുത്തരിക്കലാണ്. ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുക, ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുക, ദൈവത്തിന്റെ സ്നേഹത്തിന് പ്രതിസ്നേഹം നല്കുക എന്നതാണ് വിശ്വാസത്തിന്റെ പ്രായോഗികമാനങ്ങൾ.

**ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുക**

ഈശോയുടെ വാക്കുകളും പ്രവൃത്തികളും അത്ഭുതങ്ങളും ജീവിതംതന്നെയും ദൈവത്തിന് മനുഷ്യരോടുള്ള രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലുകളായിരുന്നു. അതുകൊണ്ടാണ് യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ഉള്ളടക്കത്തെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുന്നത്. അദൃശ്യനായ ദൈവത്തെയും ദൈവത്തിന്റെ സ്നേഹത്തെയും മനുഷ്യർക്കു ദൃശ്യമാക്കിയ അടയാളങ്ങളായിരുന്നു അവ: "ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും ഈശോ ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത്, ഈശോ ദൈവപുത്രനായ മിശിഹാ ആണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക വഴി നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ 20,30-31). ഈശോയുടെ അടയാളങ്ങളിലൂടെ മനുഷ്യർ ആത്യന്തികമായി ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുന്നവനാകണം: "ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4,16). ജീവിതത്തിൽ എന്തൊക്കെ സംഭവിച്ചാലും അതൊന്നും ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുന്നതിന് തടസ്സമാകരുത്. ദൈവം മനുഷ്യനെ സ്നേഹിക്കുന്നു എന്നതിന്റെ ഏറ്റം വലിയ തെളിവ് ക്രൂശിതനായി

മരിച്ച മിശിഹായാണ്: "തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16).

## ദൈവസ്നേഹം സ്വീകരിക്കുക

ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിച്ചാൽ മാത്രം പോരാ. അവിടുത്തെ സ്നേഹം നാം സ്വീകരിക്കുകയും വേണം. അന്ത്യത്താഴത്തിലെ പാദംകഴുകൽ ശുശ്രൂഷ ഈശോയുടെ - ദൈവത്തിന്റെ - പരമാവധിസ്നേഹത്തിന്റെ അടയാളമായിരുന്നു. ആ സ്നേഹം സ്വീകരിക്കുവാൻ മടികാണിക്കുന്നവരുടെ പ്രതീകമാണ് ശിമയോൻ പത്രോസ്. ഈശോയും പത്രോസും തമ്മിലുള്ള സംഭാഷണം ഇത് സൂചിപ്പിക്കുന്നുണ്ട്: "പത്രോസു പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്" (യോഹ 13, 8). താൻ ശിഷ്യർക്കു നല്കുന്ന സ്നേഹശുശ്രൂഷ സ്വീകരിക്കുവാൻ മടിക്കുന്ന പത്രോസിനോട് ഈശോ പറയുന്നു: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്കെന്നോടുകൂടെ പങ്കില്ല" (യോഹ 13, 8). ഈശോയോടുകൂടെ ജീവിതപങ്കാളിയാകുന്നവർ ഈശോയുടെ സ്നേഹം - ദൈവത്തിന്റെ സ്നേഹം - അത് ആയിരിക്കുന്ന വിധത്തിൽ സ്വീകരിച്ചേ മതിയാകൂ.




## ദൈവസ്നേഹത്തിന് പ്രതിസ്നേഹം നല്കുക

പാദം കഴുകലിലൂടെ ഈശോ നല്കിയ സ്നേഹം സ്വീകരിക്കുവാൻ പത്രോസ് വിസമ്മതിച്ചത് ആ സ്നേഹത്തിന് പ്രതിസ്നേഹം നല്കുവാൻ തയ്യാറാകാത്തതുകൊണ്ടായിരിക്കണം. പാദംകഴുകൽ ഈശോയുടെ സ്വയം ശൂന്യമാക്കലിന്റെയും മരണത്തിന്റെയും പ്രതീകമായിരുന്നു. സ്വന്തം ജീവൻ നല്കിക്കൊണ്ട് സ്നേഹിക്കുന്ന ഈശോയുടെ സ്നേഹത്തിന് ആനുപാതികമായി പ്രതിസ്നേഹം നല്കുക എന്നത് വലിയ ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളി സ്വീകരിക്കുവാൻ തയ്യാറാകാത്ത പത്രോസിനെ അത് സ്വീകരിക്കുവാൻ ഈശോ നിർബന്ധിക്കുകയാണ്. ദൈവത്തിന്റെ പരമാവധിസ്നേഹത്തിന് ആനുപാതികമായി പ്രതിസ്നേഹം നല്കുവാൻ ദൈവത്താൽ വിളിക്കപ്പെടുന്ന ഓരോരുത്തരും തയ്യാറായിരിക്കണം. "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ 13,14). ദൈവത്തിന്റെ പരമാവധിസ്നേഹം സ്വീകരിക്കുന്ന മനുഷ്യൻ ദൈവത്തെയും ദൈവം സ്നേഹിക്കുന്ന മനുഷ്യനെയും പരമാവധിസ്നേഹിച്ചുകൊണ്ട് പ്രത്യുത്തരം നല്കുവാൻ തയ്യാറാകണം. ചുരുക്കത്തിൽ മിശിഹായിലുള്ള വിശ്വാസം ഒരുവനെ ദൈവത്തെയും ദൈവം സ്നേഹിക്കുന്ന മനുഷ്യനെയും പരമാവധി സ്നേഹിക്കുന്നവനാക്കി രൂപാന്തരപ്പെടുത്തുന്നു.

## യോഹന്നാനും യൂദാസും

പാദം കഴുകലിനെത്തുടർന്നു വരുന്ന ഈശോയെ ഒറ്റിക്കൊടുക്കുന്നതിനെപ്പറ്റിയുള്ള

പ്രവചനരംഗം ദൈവസ്നേഹത്തിന് പ്രതിസ്നേഹം നല്കുന്നതിനെ ഉദാഹരിക്കുന്നതാണ്. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായി യോഹന്നാനും, വിശ്വാസമില്ലായ്മയുടെയും സ്നേഹമില്ലായ്മയുടെയും പ്രതീകമായി യൂദാസും ഇവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. "ശിഷ്യന്മാരിൽ ഈശോ സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നു" (യോഹ 13,23). ഇവിടെ യോഹന്നാൻശ്ലീഹായെക്കുറിച്ചാണ് സുവിശേഷകൻ പറയുന്നത്. ഈശോ നല്കുന്ന സ്നേഹം സ്വീകരിച്ച് അതേ രൂപത്തിൽ പ്രതിസ്നേഹം നല്കുന്ന വിശ്വാസജീവിതത്തെയാണ് യോഹന്നാൻ പ്രതിനിധീകരിക്കുന്നത്. ഈശോ നല്കുന്ന സ്നേഹം ആവശ്യപ്പെടുന്നപ്രകാരം പ്രത്യുത്തരം നല്കാത്ത, വിശ്വാസരാഹിത്യത്തെയാണ് യൂദാസ് പ്രതിനിധാനം ചെയ്യുന്നത്. "അപ്പക്ഷണം സ്വീകരിച്ചതിനെത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു" (യോഹ 13,27) എന്നും, "ആ അപ്പക്ഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തു പോയി. അപ്പോൾ രാത്രിയായിരുന്നു" (യോഹ 13,27) എന്നും യൂദാസിനെക്കുറിച്ച് പറയുന്നത് അവന്റെ വിശ്വാസരാഹിത്യത്തെയും അതിന്റെ ഫലമായുണ്ടാകുന്ന ശിക്ഷാവിധിയെയുമാണ് സൂചിപ്പിക്കുന്നത്. ദൈവസ്നേഹത്തിൽ വിശ്വസിച്ച് ആ സ്നേഹത്തിന് അർഹമായ രീതിയിൽ പ്രതിസ്നേഹം നല്കുന്നവർക്ക് നിത്യജീവനും, വിശ്വസിക്കാത്തവർക്ക് ശിക്ഷാവിധിയുമുണ്ടാവും എന്ന് ഈ രംഗം വ്യക്തമാക്കുന്നു. വിശ്വാസജീവിതം ഒരുവനെ സ്നേഹജീവിതത്തിലേക്കും നിത്യജീവനിലേക്കും നയിക്കുമെന്ന് സെനക്കിൾ വ്യക്തമാക്കുന്നു.



ജീവിതത്തിൽ എന്തൊക്കെ സംഭവിച്ചാലും അതൊന്നും ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുന്നതിന് തടസ്സമാകരുത്.

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# കുടിയേറ്റത്തിന്റെ മാനവികത

**"സത്യത്തിൽ സ്നേഹം" (*Caritas in Veritate*) എന്ന ചാക്രിക ലേഖനം ആസ്പദമാക്കിയുള്ള പഠനത്തിന്റെ തുടർച്ച**

ഫാ. റ്റോംസ് കളപ്പുരയ്ക്കൽ
ചങ്ങനാശ്ശേരി

ചരിത്രാതീതകാലം മുതൽ നിലനിന്നിരുന്ന ഒരു സംവിധാനമാണ് കുടിയേറ്റം. ബൈബിളിന്റെ ചരിത്രംതന്നെ അതാണെന്നു പറയാം. "കുടിയേറ്റക്കാരായ വ്യക്തികളുടെയും അവരുടെ കുടുംബങ്ങളുടെയും ആവശ്യങ്ങളും അവകാശങ്ങളും, അതേസമയംതന്നെ ആതിഥേയ രാജ്യങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടണം" (no. 62) എന്ന് 'സത്യത്തിൽ സ്നേഹം' എന്ന രേഖ അനുശാസിക്കുന്നു.

കേരളത്തിൽനിന്നും പല കാലങ്ങളിലായി അന്യസംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും വ്യക്തിഗതമായോ സകുടുംബമോ നമ്മുടെ ആളുകൾ കുടിയേറ്റം നടത്തിയിട്ടുണ്ട് എന്നത് ഒരു ചരിത്രസത്യമാണ്. മനുഷ്യൻ ആദ്യമായി പുതിയൊരു ഗ്രഹത്തിൽ ചെന്നാലും അവിടെ തട്ടുകട നടത്തുന്ന മലയാളി കാണും എന്ന് ഭംഗ്യന്തരേണ പറയാറുണ്ടെങ്കിലും അതൊരു നുറുങ്ങുസത്യമാണ്.

കുടിയേറ്റം ഉയർത്തുന്ന വെല്ലുവിളികളെ സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, രാഷ്ട്രീയം, മതപരം എന്നിങ്ങനെ അക്കമിട്ടു നിരത്തി, വിശകലനം ഒഴിവാക്കി മനോഹരമായി ഈ രേഖ അവതരിപ്പിക്കുന്നുണ്ട്. കേരളത്തിന്റെതന്നെ സാംസ്കാരികചരിത്രം പഠിക്കുമ്പോൾ നസ്രാണിസമൂഹത്തിന്റെ കുടിയേറ്റം സൃഷ്ടിച്ച അലയൊലികൾ ഇന്നും സുവ്യക്തമാണ്.

കുട്ടനാടൻ നെൽകർഷകരും മലയോരകർഷകരും നടത്തിയ വീരസാഹസിക കുടിയേറ്റത്തിന്റെ ചരിത്രസ്മാരകങ്ങളാണ് മലബാറും ഹൈറേഞ്ചും. വികസനം എത്താൻ മടിച്ചിരുന്ന സ്ഥലങ്ങളിൽ ആരാധനാലയങ്ങളും പള്ളിക്കൂടങ്ങളും തീർത്ത ദീർഘവീക്ഷണത്തിന് നമോവാകം! റോഡുകൾ, ആശുപത്രികൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായുള്ള പ്രത്യേകശുശ്രൂഷകളും ക്രൈസ്തവസംഭാവനകൾ തന്നെയാണ്. കഴിഞ്ഞ അർദ്ധശതകത്തിന്റെ ചരിത്രം പരിശോധിച്ചാൽ ക്രൈസ്തവസമുദായം നേടിയ സാമ്പ

ത്തികമുന്നോക്കാവസ്ഥക്ക് കുടിയേറ്റം നാന്ദികുറിച്ചു എന്ന് നിസംശയം പറയാം.

ചാതുർവർണ്യത്തിന്റെ മാറാല പിടിച്ച അറപ്പുരകളിൽനിന്നും സാഹോദര്യത്തിന്റെ പുത്തനുണർവ്വ് നല്കുന്നതിൽ ക്രൈസ്തവസംസ്ക്കാരത്തിന്റെ സ്വാധീനം നിർണ്ണായകമായിരുന്നു. ഈ മുന്നേറ്റത്തിൽ നസ്രാണികളുടെ പങ്ക് തുലോം ചെറുതാണെങ്കിലും ഇതരക്രൈസ്തവസഭകൾ വലിയ പങ്കുവഹിച്ചു എന്നു പറയാം. സ്ത്രീകളുടെ മാറുമറയ്ക്കുന്ന വസ്ത്രധാരണരീതി, സ്ത്രീശാക്തീകരണത്തിനായുള്ള വിദ്യാഭ്യാസം തുടങ്ങിയ സംഭാവനകൾ എടുത്തുപറയേണ്ടതുതന്നെ. അവർണ്ണർക്കും വിദ്യാഭ്യാസാവസരം തുറന്നതും ക്രൈസ്തവസംഭാവനയാണ്.

മലബാർ മേഖലയിൽ ചില പ്രത്യയശാസ്ത്രം മാത്രം വേരു പടർത്തിയിരുന്ന സ്ഥലങ്ങളിൽ ജനാധിപത്യത്തിന്റെ പുത്തൻകാറ്റു വീശിക്കുവാൻ അടുത്തകാലത്തായി ക്രൈസ്തവസാന്നിദ്ധ്യത്തിന് സാധിക്കുന്നു എന്നതും ശുഭോദർക്കമായ ഒരു കാര്യമായി ഗണിക്കാവുന്നതാണ്.

ചാതുർവർണ്യത്തിന്റെ മാറാല പിടിച്ച അറപ്പുരകളിൽനിന്നും സാഹോദര്യത്തിന്റെ പുത്തനുണർവ്വ് നല്കുന്നതിൽ ക്രൈസ്തവസംസ്ക്കാരത്തിന്റെ സ്വാധീനം നിർണ്ണായകമായിരുന്നു

മതപരമായ കാര്യങ്ങൾ പരിഗണിക്കുമ്പോൾ, "മനുഷ്യവ്യക്തി എന്ന നിലയിൽ ഓരോ കുടിയേറ്റക്കാരനും മൗലികമായി അന്യാധീനപ്പെടുത്താനാവാത്ത അവകാശങ്ങ



ളുമുണ്ട്" (no. 62). ഇത്തരുണത്തിൽ മതസ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിലായിരിക്കുന്ന സുറിയാനികത്തോലിക്കരുടെ ആത്മീയശുശ്രൂഷയ്ക്കായി സീറോ മലബാർ സഭാസിനഡ് വൈദികരെ നിയമിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

കുടിയേറ്റം നല്ലൊരു പ്രതിഭാസമാണെങ്കിലും അതിന് സാമ്പത്തിക പരിഗണനമാത്രം മാനദണ്ഡമായാൽ പോരാ എന്നും മേൽപറഞ്ഞ മാനങ്ങളെല്ലാം കണക്കിലെടുത്ത് അന്താരാഷ്ട്രനിയമനിർമ്മാണം നടത്തപ്പെടണം എന്നും മാർപ്പാപ്പാ അനുശാസിക്കുന്നു. വരുംകാലങ്ങളിൽ ഐക്യരാഷ്ട്രസംഘടനയുടെ ചർച്ചകളിൽ ഈ ആഹ്വാനം നിർണ്ണായകസ്വാധീനം ചെലുത്തുമെന്നതിൽ രണ്ടുപക്ഷമില്ല.



# "യുവജനങ്ങൾ പുതിയ സഹസ്രാബ്ദത്തിന്റെ വിശുദ്ധർ"

സുജ ചോതിരകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഉന്നിന്റെ തുടിപ്പുകൾ ഹൃദയത്തിലൊതുക്കി, മന്നിന്റെ ദു:ഖങ്ങൾ കരളിലൊതുക്കി ഒരു നവയുഗോദയത്തിന്റെ സ്വപ്നവീചികളുമായി, വിപ്ലവത്തിന്റെ തീപ്പന്തങ്ങളുമായി മുൻപോട്ടു പോകുന്ന വീരസാഹസികതയുടെ മൂർത്ത അവതാരങ്ങളത്രേ യുവജനങ്ങൾ... യുവത്വം അന്വേഷണത്തിന്റെ കാലഘട്ടമാണ്. താൻ ആരാണെന്നുള്ള അന്വേഷണം, തന്നെ സ്നേഹിക്കുന്ന അപരനെ തേടിയുള്ള അന്വേഷണം. ഒരുപാട് സംശങ്ങളും ചോദ്യങ്ങളും അവന്റെ ഉള്ളിൽ ഉയരുന്ന കാലഘട്ടം. ഓജസ്സും, ശക്തിയും, തീക്ഷ്ണതയുമെല്ലാം അകക്കാമ്പിൽ തിങ്ങിനിൽക്കുന്ന യുവത്വത്തെ ശരിയായ പാതയിലേക്കു തിരിച്ചുവിട്ടാൽ സമൂഹത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിൽ പിതാക്കന്മാർ നല്കിയ സന്ദേശം ശ്രദ്ധേയമാണ്:- "മുതിർന്ന തലമുറയിൽ നിന്ന് ദീപശിഖ ഏറ്റുവാങ്ങിക്കൊണ്ട് ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റങ്ങളുടെ കാലഘട്ടത്തിൽ ജീവിക്കേണ്ടവരാണ് നിങ്ങൾ. മാതാപിതാക്കളിൽ നിന്നും, ഗുരുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിശിഷ്ടമായ ആദർശങ്ങൾ സ്വീകരിച്ചുകൊണ്ട് നാളത്തെ സമൂഹത്തെ രൂപപ്പെടുത്തേണ്ടത് നിങ്ങളാണ്".

ഇലക്ട്രോണിക് യുഗമെന്നും, കമ്പ്യൂട്ടർ യുഗമെന്നും വിശേഷിപ്പിക്കുന്ന ഒരു മാസ്മരിക ലോകത്തിലാണ് നമ്മളിന്നു ജീവിക്കുക. പുരോഗതിയിൽ നിന്നും പുരോഗതിയിലേക്കു കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ഭൗതികതയുടെ അതിപ്രസരണം നിമിത്തം ആത്മീയത തണുത്തു മരവിച്ചിരിക്കുന്നു. മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ട പല ഇടങ്ങളും മൂല്യശോഷണങ്ങളുടെ വേദിയായി മാറിയിരിക്കുന്നു. ആഡംബരങ്ങളുടെയും, ആർഭാടങ്ങളുടെയും നേർക്കുള്ള കുതിപ്പ് ഇന്ന് പലരുടെയും 'കിതപ്പിനു' കാരണമാക്കുന്നു. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ അഭൂതപൂർവ്വമായ നേട്ടങ്ങൾ തകർച്ചയുടെ വഴികളിൽ നമ്മെ എത്തിച്ചിരിക്കുന്നു. നിഷേധാത്മക ചിന്തകളുടെയും, വികാരങ്ങളുടെയും പ്രളയത്തിൽ വീർപ്പുമുട്ടുന്നവർ, വർഗ്ഗീയ വിഷം കുത്തിവയ്ക്കുന്ന രാഷ്ട്രീയ പ്രവർത്തനങ്ങളും, മതത്തിന്റെയും,




ജാതിയുടെയും പേരിലുള്ള ചേരിയുദ്ധങ്ങളും, സാംസ്കാരിക തകർച്ചയിലേക്കു നയിക്കുന്നു. ചിന്തകൾക്കും ബോധ്യങ്ങൾക്കും പ്രവർത്തന ശൈലികൾക്കും ആഴം നഷ്ടപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ജീവിക്കുന്ന യുവജനങ്ങളെ നോക്കി പരി. പിതാവ് ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു: "യുവജനങ്ങളേ, പുതിയ സഹസ്രാബ്ദത്തിന്റെ വിശുദ്ധരാകാൻ നിങ്ങൾ ഭയപ്പെടേണ്ട... ധ്യാനാത്മകരാകൂ, പ്രാർത്ഥനയെ സ്നേഹിക്കുന്നവരാകൂ... നിങ്ങളുടെ സഹോദരങ്ങൾക്കു സേവനം ചെയ്യുന്നതിൽ ഉദാരരാകൂ... സഭയുടെ സജീവാംഗങ്ങളും, സമാധാനത്തിന്റെ സ്രഷ്ടാക്കളുമാകുക... ദൈവവചനം കേൾക്കുകയും കൂദാശകളിൽ നിന്ന് പ്രത്യേകിച്ച് ദിവ്യകാരുണ്യത്തിൽ നിന്ന് കുമ്പസാരത്തിൽ നിന്ന് ശക്തി സ്വീകരിക്കുകയും ചെയ്യുവിൻ. നിങ്ങൾ തന്റെ സുവിശേഷത്തിന്റെ സാഹസികരായ പ്രേഷിതരും പുതിയൊരു മാനവീകതയുടെ സ്രഷ്ടാക്കളുമാകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ഉപ്പ് ഭക്ഷണത്തിന് രുചിയേകുന്നതുപോലെയും പ്രകാശം ഇരുളിനെ ദീപ്തമാക്കുന്നതുപോലെയും വിശുദ്ധി ജീവിതത്തിന് പൂർണാർത്ഥം നൽകുകയും അതു ദൈവമഹത്ത്വം പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. സഭാചരിത്രത്തിൽ എത്രയോ വിശുദ്ധരെ പ്രത്യേകിച്ച് യുവവിശുദ്ധരെ നമുക്കു എണ്ണാനുണ്ട്. ദൈവത്തോടുള്ള സ്നേഹത്തിൽ അവരുടെ വീരോചിത സുകൃതങ്ങൾ ലോകത്തിനുമുമ്പിൽ തിളങ്ങുകയും അവർ എല്ലാവർക്കും അനുകരിക്കുന്നവരായി, സഭ ഉയർത്തിക്കാട്ടുന്ന ജീവിത മാതൃകകളാവുകയും ചെയ്തു"! (ഒസ്സെർവത്തോരെ റൊമാനോ).

യുവ ആത്മാക്കൾ ആദ്ധ്യാത്മികതയുടെ ഉന്നതമായ ആദർശങ്ങളും, ലക്ഷ്യങ്ങളുമായ വിശുദ്ധി, പരിപൂർണ്ണത, ബലി അർപ്പണം, സ്വയം ത്യജിക്കൽ എന്നിവയുടെ മുമ്പിൽ ആവേശം കൊള്ളുന്നവരാണ്, അത്യുൽസാഹികളാണ്. ലക്ഷ്യപ്രാപ്തിക്കായി എന്തും ചെയ്യുവാൻ തയ്യാറായിട്ടുള്ളവരാണ്. യുവത്വത്തിലാണ് വിശുദ്ധരായി തീരാൻ എളുപ്പം. പ്രായത്തിൽ മുൻപോട്ടു പോകുംതോറും നമ്മിലെ തിന്മയുടെ വശങ്ങളെ ഇല്ലായ്മചെയ്യുക, അതിജീവിക്കുക എന്നൊക്കെ പറയുന്നത് കൂടുതൽ പ്രയാസകരമായ ഒന്നാണ്. ചില തഴക്കങ്ങളും, രീതികളും, പ്രവണതകളും പ്രായമാകുംതോറും മാറ്റാൻ പറ്റാത്തതായി ജീവിതത്തിൽ അലിഞ്ഞുചേരുന്നു എന്നത് സത്യം തന്നെ. അതുകൊണ്ട് നാം ഒരു കാര്യം ഓർമ്മിക്കണം. നമ്മെ എല്ലാവരെയും ദൈവം യുവത്വത്തിലേ തന്നെ മരണമാകുന്ന കവാടത്തിലൂടെ കടത്തിവിടുകയില്ലായെന്നത്. യുവത്വത്തിൽ മരിക്കുമെന്ന് നമുക്കാർക്കും ഉറപ്പുപറയാൻ പറ്റുകയില്ല. അതുകൊണ്ട് നമുക്കു നമ്മോടുതന്നെ ചോദിക്കാം എവിടെ നിന്ന് ഈ ജീവിതത്തിലുടനീളം വിശുദ്ധി ജീവിക്കുവാൻ ആവശ്യമായ അത്യുൽസാഹം - ആവേശം കൂട്ടുമെന്ന്?.

ഒരു ആത്മാവിനോട് കൂടുതൽ നിർബന്ധം ചെലുത്താവുന്ന ഒരു കാലഘട്ടമുണ്ടെങ്കിൽ അതു യുവത്വമാണ്. കാരണം ആ കാലഘട്ടത്തിലാണ് കർത്താവ് പ്രത്യേക കൃപാവരങ്ങൾ നൽകിക്കൊണ്ട് ആത്മാവിനെ അലങ്കരിക്കുന്നത്. അതോടൊപ്പം കർത്താവ് ആത്മാവിൽ നിന്നും കൂടുതൽ ആവശ്യപ്പെടുന്നതും ആ കാലഘട്ടത്തിൽ തന്നെയാണ്. യുവത്വത്തെ ഈ കാലഘട്ടത്തിൽ നയിക്കുന്ന മനോഹരമായ ഒരു ചൈതന്യമാണ് അത്യുൽസാഹം. ഇത് യുവജനങ്ങൾക്ക് ദൈവം നൽകിയ ദാനങ്ങളിൽ അതിമനോഹരവും, വളരെ മഹത്ത്വമേറിയതുമായ ഒന്നാണ്. എന്നാൽ യുവത്വത്തിന്റെ ഈ ആവേശം റോസാപുഷ്പം വിടർന്ന് ഇതളുകൾ കൊഴിയുന്നതുപോലെയാണ്. ഒന്നു രണ്ടു ദിവസങ്ങൾ കൊണ്ട് അതിന്റെ ഇതളുകൾ ഓരോന്നായി കൊഴിഞ്ഞ് പൂവ് മുഴുവനായി നശിച്ചു പോകുന്നു. ഇതുപോലെ ആവേശവും യുവത്വ







ത്തോടുകൂടി ഇല്ലാതാകുന്നു. അതുകൊണ്ട് യുവത്വത്തിലാണ് കൂടുതൽ ആവേശത്തോടുകൂടി വിശുദ്ധി ജീവിക്കേണ്ടത്.

2005 ഓഗസ്റ്റ് 18 ലെ ലോകയുവജന ദിനത്തിൽ യുവജനങ്ങളെ ബനഡിക്റ്റ് പതിനാറാമൻ പാപ്പാ അഭിസംബോധന ചെയ്തു ഇപ്രകാരം പറഞ്ഞു: "പ്രിയപ്പെട്ട യുവജനങ്ങളേ, നവസുവിശേഷവത്ക്കരണത്തിന് സഭയ്ക്ക് യഥാർത്ഥ സാക്ഷികളെ ആവശ്യമുണ്ട്. ഈശോയെ കണ്ടുമുട്ടിയതുകൊണ്ട് ജീവിതം പരിവർത്തിക്കപ്പെട്ട സ്ത്രീ പുരുഷന്മാർ; മറ്റുള്ളവരുമായി ഈ അനുഭവം പങ്കുവയ്ക്കാൻ കഴിവുള്ള സ്ത്രീപുരുഷന്മാരായ വിശുദ്ധരെ സഭയ്ക്ക് ആവശ്യമുണ്ട്. എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധരായ ജനങ്ങൾക്കു മാത്രമേ മനുഷ്യരാശിയെ നവീകരിക്കാനാവൂ. സുവിശേഷ സാഹസികതയുടെ ഈ വീഥിയിൽ നിരവധിപേർ നമുക്കു മുൻപേ കടന്നുപോയിട്ടുണ്ട്. മധ്യസ്ഥതയ്ക്കായി അവരിലേക്കു തിരിയാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു" (ഒസ്സെർവത്തോരെ റൊമാനോ).

വിശുദ്ധർ നമുക്കെന്നും ഒരു മാതൃകയാണ്. അവരുടെ വീരോചിതമായ ജീവിതം നമുക്കെന്നും അനുകരണീയമാണ്. പ്രാർത്ഥനയിലും, സഭയെ പരിഷ്ക്കരിക്കുവാനും, നവീകരിക്കുവാനുമുള്ള ശ്രമങ്ങളിലും നമുക്ക് അനുഗമിക്കാനുള്ളവരാണവർ. വിശുദ്ധരെ നാം സ്നേഹിതരാക്കുകയും അവരുടെ ജീവിതം അനുകരിക്കുകയും ചെയ്താൽ നമ്മളും വിശുദ്ധിയുടെ പാതയിലെത്തും. സുവിശേഷഭാഗ്യങ്ങൾക്കനുസൃതമായ ജീവിതം നയിക്കുവാൻ വിശുദ്ധർ നമ്മെ ആഹ്വാനം ചെയ്യുന്നു. തന്റെ ജീവിതകാലമത്രെയും ജോൺപോൾ രണ്ടാമൻ മാർപാപ്പാ സുവിശേഷ ഭാഗ്യങ്ങൾക്കു മജ്ജയും





മാംസവുമേകി. നാമെല്ലാവരും ഏതു മഹത്ത്വത്തിലേക്കും വിശുദ്ധിയിലേക്കുമാണോ വിളിക്കപ്പെട്ടിരിക്കുന്നത് അതിന്റെ ഒരു മാതൃക അദ്ദേഹം നമുക്കു കാണിച്ചുതന്നു.

"പൂർണരാകാൻ ആഗ്രഹിച്ചു തന്റെ മുമ്പിലണഞ്ഞ യുവാവിനെ ഈശോ സ്നേഹപൂർവ്വം നോക്കി" (മത്താ 10,21). ശാശ്വതമായ സത്യങ്ങൾക്കും, ധാർമ്മിക മൂല്യങ്ങൾക്കും പിന്നിൽ സുധീരം അണിചേരുവാൻ വെമ്പുന്ന ഇന്നത്തെ യുവജനങ്ങളിലേക്ക് അവിടുന്നു പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ യുവജനങ്ങളെ വിളിക്കുക 'സഭയുടെ വാഗ്ദാനം' എന്നാണ്'. സഭയെന്നും യുവജനങ്ങളിൽ പ്രത്യാശയർപ്പിക്കുന്നു. ആധുനിക സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ഭൗതികതയുടെ നീരാളിപ്പിടുത്തത്തിൽ ആണ്ടുപോയ യുവലോകത്തെ മോചിപ്പിക്കാൻ അവർക്കാണ് കൂടുതൽ സാധിക്കുക. സമൂഹത്തിലെ വലിയ ശക്തിയാണ് യുവജനങ്ങൾ. പക്ഷേ പലപ്പോഴും അവർ ചൂഷണം ചെയ്യപ്പെടുന്നു. അതിനാൽ സുവിശേഷാധിഷ്ഠിത മൂല്യങ്ങളാൽ അവർ ആകർഷിക്കപ്പെടണം. മറ്റ് മൂല്യങ്ങളെയും തത്ത്വങ്ങളെയും വിവേചിച്ചറിയുവാൻ അവർക്കു സാധിക്കണം. യുവജനങ്ങളുടെ ദൗത്യത്തെക്കുറിച്ച് പോൾ ആറാമൻ പാപ്പ പറയുന്നു: "വിശ്വാസ സ്ഥിരതയിലും, പ്രാർത്ഥനാജീവിതത്തിലും, ശരിയായ ശിക്ഷണം ലഭിച്ച യുവജനങ്ങൾ തന്നെ വേണം യുവലോകത്തിന്റെ അപ്പസ്തോലന്മാരായി പ്രവർത്തിക്കുവാൻ. പഴയനിയമത്തിൽ ഇസ്രായേൽ ജനത തെറ്റായ മാർഗ്ഗത്തിലൂടെ ചരിച്ചപ്പോൾ പ്രവാചകന്മാർ അവരെ എങ്ങനെ നയിച്ചുവോ അതുപോലെ ആധുനിക യുഗത്തിന്റെ പ്രവാചകരായി യുവജനങ്ങൾ രംഗപ്രവേശനം ചെയ്യണം. പ്രവാചകന്മാർക്കുണ്ടായിരുന്നതുപോലെയുള്ള ധീരതയും ആത്മാർത്ഥതയും അവരും പ്രകടിപ്പിക്കണം. വിശുദ്ധരായ യുവജനങ്ങളിലൂടെ മാത്രമേ ലോകത്തെ വിശുദ്ധീകരിക്കാൻ സാധിക്കൂ. അങ്ങനെ യുവജനങ്ങൾ ഈ സഹസ്രാബ്ദത്തിന്റെ വിശുദ്ധരായി പ്രശോഭിക്കട്ടെ... !.

*സമൂഹത്തിലെ വലിയ ശക്തിയാണ് യുവജനങ്ങൾ. പക്ഷേ പലപ്പോഴും അവർ ചൂഷണം ചെയ്യപ്പെടുന്നു. അതിനാൽ സുവിശേഷാധിഷ്ഠിത മൂല്യങ്ങളാൽ അവർ ആകർഷിക്കപ്പെടണം.*

കഥ



# "ഒരു ജന്മദിനത്തിന്റെ ഓർമ്മക്കുറിപ്പ്"

**ജാൻസി അഗസ്റ്റ്യൻ**
**കറുകപറമ്പിൽ**

അവൾ അങ്ങനെയാണ്. കടങ്കഥപോലെ. വയസ്സു പതിനാലേ ആകുന്നുള്ളുവെങ്കിലും ഇരുപത്തഞ്ചിന്റെ കാര്യഗൗരവം ഓരോ പ്രവൃത്തിയിലുമുണ്ട്. ബാല്യത്തിൽ കൗമാരവും കൗമാരത്തിൽ യൗവനവും അവളിൽ നിറഞ്ഞുവെന്നു പറയാം. ആശിച്ചു കിട്ടിയ പെൺകുട്ടി. രണ്ടാൺമക്കൾക്കു ശേഷം അവൾ ജനിച്ചപ്പോൾ ചാത്തം നടത്താനും നെയ്യപ്പം ചുട്ടുകൊണ്ടുവരാനും ആളായല്ലോ എന്ന് അപ്പുറത്തെ കത്രിച്ചേടത്തി പറഞ്ഞത് മനസ്സുകൊണ്ടു ശരിവച്ചു.

പക്ഷേ എന്റെ കാഴ്ചപ്പാടുകൾക്കും ജീവിതരീതികൾക്കും വിരുദ്ധമായി കാലത്തിന്റെ ഒപ്പം നീന്താനുള്ള അവളുടെ ആഗ്രഹം. അതാണെനിക്ക് അവളോടുള്ള ദേഷ്യത്തിനു കാരണമെന്നുപറയാം. അവളെ എനിക്കു പകരമായി വയ്ക്കാനാണ് ഞാൻ പലപ്പോഴും ഇഷ്ടപ്പെട്ടത്. അവളിഷ്ടപ്പെടാഞ്ഞതും അതുതന്നെ. അതുകൊണ്ട് എന്റെ അരുതുകൾക്ക് അവളിൽ എതിർപ്പുകൾ സൃഷ്ടിക്കാനേ സാധിച്ചുള്ളു. ഇന്നലെ എന്റെ പിറന്നാളായിരുന്നു. 'ആരിതൊക്കെ ഓർക്കുന്നു, ജീവിതത്തിന്റെ തിരക്കുകളിൽ' എന്നൊക്കെ പറയുമെങ്കിലും ഉള്ളിന്റെയുള്ളിൽ ജന്മദിനം പരിഗണിക്കപ്പെടണമെന്ന് തോന്നലില്ലാത്തവരുണ്ടോ. പതിവു ജോലികളും പരിദേവനങ്ങളുമായി കുട്ടികൾക്ക് പൊതികെട്ടി. അവരെ പറഞ്ഞുവിട്ടിട്ടുവേണമല്ലോ സ്വന്തം കാര്യം നോക്കാൻ. വീട്ടുവാതിൽക്കൽ ബസ് വരാറായപ്പോൾ അവൾ - എന്റെ മകൾ - ഓടിയെത്തി കെട്ടിപ്പിടിച്ചു ചുംബിച്ചുകൊണ്ട് ഒരു കാർഡുതന്നിട്ട് ഒറ്റ ഓട്ടം. ഞാനത് തുറന്നു. "എന്റെ പ്രിയപ്പെട്ട അമ്മയ്ക്ക് ..... അമ്മയുടെ കഷ്ടപ്പാടുകളും ത്യാഗങ്ങളുമെല്ലാം ഞാൻ ഓർമ്മിക്കുന്നു. ഇനിയൊരു ജന്മമുണ്ടെങ്കിലും എനിക്ക് ഈ അമ്മയുടെ മകളായി ജനിക്കണം. അമ്മയുടെ സ്വന്തം മോൾ".

എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. വാക്കുകൾ തൊണ്ടയിൽ കുരുങ്ങി. എനിക്കവളുടെ ഉള്ളുകാണാൻ കഴിഞ്ഞില്ലല്ലോ എന്ന് ഒരു നിമിഷം ഞാൻ ചിന്തിച്ചു. സ്നേഹത്തിന്റെ നിറമെന്തെന്ന് വീണ്ടും വീണ്ടും ഞാൻ ഓർത്തു നോക്കി...... അതിന്റെ രുചിയോ മണമോ എനിക്ക് വർണ്ണിക്കാനാവുമോ. അതു ദൈവം തന്നെയാണ്. തിരിച്ചറിയാൻ വൈകിയ ദൈവസ്നേഹ അനുഭവം.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-2



# കാതോർക്കാം... ദൈവസ്വരത്തിനായി !!


റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്


മാനവചരിത്രം ആരംഭിക്കുന്നതുതന്നെ ദൈവത്തിന്റെ സംഭാഷണത്തിലൂടെയാണ്. പ്രപഞ്ചത്തെയും പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച ദൈവം ഒന്നിനും കുറവില്ലാത്ത, എല്ലാംകൊണ്ടും സമൃദ്ധമായ ഏദേൻതോട്ടം കൃഷിചെയ്യുവാനും സംരക്ഷിക്കുവാനുമായി മനുഷ്യനെ ഏല്പിക്കുന്നു. അവന് എല്ലാറ്റിന്റെയുംമേൽ അധികാരവും നല്കുന്നു. എങ്കിലും ഒരു വിലക്കും അവിടുന്ന് കല്പിക്കുന്നുണ്ട്: "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്" (ഉൽപ 2,17). സർവ്വജീവജാലങ്ങൾക്കും പേരിടാനുള്ള ദൗത്യവും ദൈവം മനുഷ്യനെയാണ് ഭരമേൽപ്പിക്കുന്നത്. മനുഷ്യന്റെ സഹകരണം ആവശ്യപ്പെടുന്ന സംഭാഷണശൈലിയാണ് ദൈവത്തിന്റേത്.


ദൈവത്തിന്റെ വാക്കുകളിൽ വിശ്വാസം അർപ്പിക്കാതെ സർപ്പത്തിന്റെ വാക്കുകൾ ശ്രവിച്ച് സ്വയം അധഃപതനം ഏറ്റുവാങ്ങിയ മനുഷ്യനോടുള്ള ദൈവത്തിന്റെ സംഭാഷണശൈലിയിൽ മാതൃത്വവും പിതൃത്വവും സുഹൃദ്ഭാവവുമെല്ലാം നിറഞ്ഞുനില്ക്കുന്നതായി കാണാം. തന്റെ കല്പന നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയ മനുഷ്യനെ ദൈവം തള്ളിക്കളയുകയല്ല ചെയ്യുന്നത്. മറിച്ച്, അവനെ അന്വേഷിച്ച് അവൻ ആയിരിക്കുന്നിടത്തേക്ക് ഇറങ്ങിവരുകയാണ്. മനുഷ്യൻ തെറ്റുചെയ്ത് ദൈവത്തിൽനിന്നകന്നാലും അവനുമായുള്ള സംഭാഷണം അവിടുന്ന് തുടരുകയാണ്.

അവിടുത്തെ സംഭാഷണത്തിൽ കുറ്റപ്പെടുത്തലിന്റെ കാഠിന്യമോ ശകാരഭാവമോ ഒന്നും കാണുന്നില്ല. മറിച്ച് ആദിമാതാപിതാക്കൾക്ക് ഒരു ആത്മശോധനയ്ക്ക് സഹായകമായ വിധത്തിലുള്ള ഒരു സംസാരമാണ് ദൈവത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായത്: "ആദം നീ എവിടെയാണ്? അവൻ മറുപടി പറഞ്ഞു: തോട്ടത്തിൽ അവിടുത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്. അവിടുന്ന് ചോദിച്ചു: നീ നഗ്നനാണെന്ന്

നിന്നോടാരു പറഞ്ഞു? തിന്നരുതെന്ന് ഞാൻ കല്പിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?" (ഉൽപ 3,10-11). ഈ സംഭാഷണത്തിലൂടെ, സ്വയം കണ്ടെത്തി തെറ്റ് ഏറ്റുപറഞ്ഞ് തന്നിലേക്കു തിരിച്ചുവരുവാൻ ദൈവം മനുഷ്യന് അവസരം കൊടുക്കുകയാണ്. എന്നാൽ, "അങ്ങ് എനിക്ക് കൂട്ടിനു തന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കു തന്നു. ഞാൻ തിന്നു" എന്ന ആദത്തിന്റെ മറുപടിയിൽ, തന്റെ തെറ്റിനു കാരണക്കാരൻ ദൈവംതന്നെയാണ് എന്ന ധ്വനിയാണുള്ളത്. 'നീ എന്താണ് ചെയ്തത്?' എന്ന ദൈവത്തിന്റെ ചോദ്യത്തിന് ഹവ്വായും സ്വന്തം തെറ്റ് ഏറ്റുപറയാതെ 'പാമ്പ് എന്നെ വഞ്ചിച്ചു' എന്ന മറുപടിയാണ് നല്കുന്നത് (ഉൽപ 3,13). സ്വന്തം തെറ്റ് ഏറ്റുപറയാനുള്ള മനുഷ്യന്റെ വിമുഖതയും മറ്റുള്ളവരിൽ പഴിചാരി സ്വയം നീതീകരിക്കാനുള്ള പ്രവണതയുമൊക്കെ അന്നും ഇന്നും ഒരുപോലെയാണ്. ദൈവം ആദത്തെയോ ഹവ്വായെയോ കുറ്റപ്പെടുത്തുന്നില്ല, ശാസിക്കുന്നുമില്ല. എന്നാൽ നീതിപൂർവ്വകമായ ശിക്ഷ അവിടുന്ന് അവർക്ക് നൽകുന്നുണ്ട്. അതോടൊപ്പം രക്ഷയും വാഗ്ദാനം ചെയ്യുന്നു.

വി. ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ദൈവമായ കർത്താവ് തോലുകൊണ്ട് ഉടയാടയുണ്ടാക്കി ആദത്തെയും അവന്റെ ഭാര്യയെയും ധരിപ്പിച്ചു. ... കർത്താവ് അവരെ ഏദേൻതോട്ടത്തിൽനിന്നു പുറത്താക്കി" (ഉല്പ 3,21.23). തന്നെ ധിക്കരിച്ച മനുഷ്യനുനേർക്കുള്ള തന്റെ കരുതലും കരുണയും വാത്സല്യവും പ്രകടിപ്പിക്കുന്ന ദൈവത്തിന്റെ സംഭാഷണ ശൈലി ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്.

അതുപോലെതന്നെ നോഹയോടുള്ള ദൈവത്തിന്റെ സംഭാഷണശൈലിയും വളരെ ഹൃദയസ്പർശകമാണ്. ഭൂമിയിൽ തിന്മ പെരുകി. മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം പരിതപിച്ചു. ജലപ്രളയംമൂലം ഭൂതലമാകെ നശിപ്പിക്കാൻ ദൈവം തീരുമാനിച്ചു. എന്നാൽ നോഹ ദൈവത്തിന്റെ പ്രീതിക്ക് പാത്രമായി. നോഹയെയും കുടുംബത്തെയും രക്ഷിക്കുന്നതിനായി നോഹയോട് ഒരു പേടകം നിർമ്മിക്കുവാൻ ദൈവം കല്പിച്ചു. ആ പേടകം എന്തുകൊണ്ട്, എങ്ങനെയാണ് ഉണ്ടാക്കേണ്ടത് എന്നെല്ലാം വിശദമായി പറഞ്ഞുകൊടുക്കുന്ന ഒരു ദൈവം..! പേടകത്തിന് അകത്തും പുറത്തുമായി കീലു തേക്കണമെന്നും അപ്പോൾ വെള്ളം ഉള്ളിൽ പ്രവേശിക്കുകയില്ല എന്നുമുള്ള പ്രായോഗികരീതി വരെ അവിടുന്ന് പറഞ്ഞുകൊടുക്കുന്നു (ഉൽപ 6,14). നോഹയോടുകൂടെ പേടകത്തിന് അകത്ത് പ്രവേശിപ്പിക്കേണ്ടവയെക്കുറിച്ചുമെല്ലാം കൃത്യവും വ്യക്തവുമായ നിർദ്ദേശങ്ങൾ നല്കുന്ന ദൈവത്തെയാണ് നാം കാണുക. "ദൈവത്തിന്റെ കാരുണ്യം എന്നേക്കും നിലനില്ക്കുന്നു" (സങ്കീ 106,1).



നമ്മുടെ ഓരോരുത്തരുടെയും അനുദിനജീവിതം പരിശോധിച്ചുനോക്കിയാൽ അപ്പന്റെയും അമ്മയുടെയും ഗുരുവിന്റെയും സുഹൃത്തിന്റേതുമായ എല്ലാ സവിശേഷതകളോടുംകൂടി നമ്മോടു സംഭാഷണം നടത്തുന്ന ദൈവത്തെ ശ്രവിക്കുവാനോ സാന്നിദ്ധ്യം തിരിച്ചറിയാനോ നാം സമയം കണ്ടെത്താറില്ല. നമുക്ക് ദൈവത്തെ ശ്രവിക്കുന്നവരാകാം. സങ്കീർത്തകനോടു ചേർന്ന് നമുക്കും പറയാം - "പൂർണ്ണഹൃദയത്തോടെ ഞാൻ അങ്ങയെ തേടുന്നു".

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# ഉറകെട്ടുപോയ ജീവിതമാണോ നിന്റേത്?

നേഹ മങ്ങാട്ട്

"സ്വന്തം കുരിശുവഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല... തനിക്കുള്ള... ഉപ്പു നല്ലതുതന്നെ. എന്നാൽ ഉറകെട്ടുപോയാൽ അതിന് എങ്ങനെ ഉറകൂട്ടും, മണ്ണിനോ വളത്തിനോ അത് ഉപകരിക്കുകയില്ല. ആളുകൾ അത് പുറത്തെറിഞ്ഞുകളുയുന്നു".

ഒരിക്കൽ ഒരു പള്ളിയിൽ വികാരിയച്ചൻ വിശുദ്ധവാരത്തിൽ ഒരു അറിയിപ്പു നൽകി. നാളെ ദുഃഖവെള്ളിയാണ്. കുരിശുമല കയറാൻ പോകുമ്പോൾ ഓരോരുത്തരും സ്വന്തം കുരിശുമായി വരണം. ഇടവകയിലെ തോമാച്ചേട്ടൻ തന്റെ ഭാര്യയെ ചുമന്നുകൊണ്ട് കൃത്യസമയത്ത് പള്ളിയിൽ. സംശയത്തോടെ വികാരിയച്ചൻ തോമാച്ചേട്ടനെ നോക്കിയപ്പോൾ ചേട്ടൻ പ്രതികരിച്ചു. അച്ചാ ഇവളാണെന്റെ കുരിശ്. ഇത് കേട്ടു തഴമ്പിച്ച, സംഭവിക്കാതെ പോയ തമാശ.

എന്നാൽ യഥാർത്ഥത്തിൽ കുരിശു വഹിക്കുന്നവർ ഒരുപാടുണ്ട്. ഉറകെട്ടുപോകാതെ ഫലമാകുന്ന ഉറ കാത്തുസൂക്ഷിക്കുന്ന അനുഭവം തന്നെ. ഉച്ചയോടടുത്തപ്പോൾ ഒരു വീട്ടിൽ ചെന്നു. കോളിംഗ് ബെൽ അടിച്ചിട്ടും തെല്ലു ഗൗരവത്തോടെ 50 വയസ്സു തോന്നിക്കുന്ന ഒരു മദ്ധ്യവയസ്ക കടന്നുവന്നു. ആരാ? പള്ളിയിൽ നിന്ന് സിസ്റ്റേഴ്സാ. ചിരിയോടെ സ്വീകരിച്ചു. ആ ചിരിയിൽ കണ്ടു മുൻ നിരയിൽ എട്ടോളം പല്ലുകൾ ഇല്ല. തലയിൽ വലിയൊരു കുത്തിക്കെട്ട്, സന്തോഷമധികമില്ലാത്ത മെലിഞ്ഞുണങ്ങിയ ആ അമ്മ ഹൃദം തുറന്നു – ഭർത്താവിന്റെ മുമ്പിൽ വച്ചു തന്നെ. 20 വയസ്സുള്ളപ്പോൾ വിവാഹം കഴിച്ച് ഈ വീട്ടിൽ വന്നതാണ്. രണ്ടുമക്കൾ. ഇന്നുവരെ എന്റെ വീട്ടിൽ പ്രസവത്തിനല്ലാതെ പോകാൻ പറ്റിയിട്ടില്ല എന്നല്ല, വിട്ടിട്ടില്ല. ഇയാൾക്ക് എന്നെ സംശയമാണ്. മുറ്റത്തിറങ്ങാൻ പാടില്ല, പണിക്കാർക്ക് കുടിക്കാൻ വെള്ളമോ, അവരോട് നിർദ്ദേശമോ ഒന്നും അനുവദിക്കില്ല. വഴിയേ പോകുന്ന പുരുഷന്മാർ ഇവിടേക്കു നോക്കിയാൽ മാത്രം മതി..... പള്ളിയിൽ ഞാൻ പോയിട്ടില്ല. എന്റെ അഹങ്കാരം കൊണ്ടാണെന്നൊക്കെ മനുഷ്യർ പറയും. വികാരിയച്ചനോടോ മറ്റാരോടും എന്റെ ഈ നൊമ്പരം ഞാൻ പറഞ്ഞിട്ടില്ല, സാധിച്ചിട്ടില്ല. എല്ലാവരുടെയും കുത്തുവാക്കുകളും അതി


## പ്രതീക്ഷയുടെ പൂമൊട്ടുകൾ

ലുപരി ഈ പ്രഹരങ്ങളും. എന്റെ കളഞ്ഞു പോയ പല്ലുകളൊക്കെ സംശയം മൂർച്ഛിക്കുമ്പോൾ ഇയാൾ തകർത്തതാണ്. ഒന്നും വേണ്ട സിസ്റ്ററേ, എന്റെ കൊച്ചുമകന് 2 വയസ്സ്. അവനെ കുളിപ്പിക്കാനോ, എടുക്കാനോ പോലും സമ്മതിക്കില്ല എന്നു വച്ചാൽ ഞാൻ എന്തിനാ ജീവിക്കുന്നത്? മകളുടെ ഭർത്താവ് വന്നു പോകുമ്പോൾ മിണ്ടാൻ എനിക്കനുവാദമില്ല. അതിന്റെ ശിക്ഷയാണ് തലയിലെ കുത്തിക്കെട്ട്. ദൈവം തന്ന സഹനമാ അമ്മേ, സഹിക്കുക അനേകർക്കായി കാഴ്ചവയ്ക്കുക എന്നു പറഞ്ഞപ്പോൾ അമ്മ പറഞ്ഞു, പത്തിരുപതു വർഷം ആയി ഞാനിത് സഹിക്കുക... ഞാനും തകർന്നുപോയി... പലപ്പോഴും ചിന്തിച്ചതാ ഇട്ടെറിഞ്ഞ് പോയാലോ എന്ന്. പക്ഷേ വിവാഹസമയത്ത് ഞങ്ങളുടെ രണ്ടുപേരുടെയും കരം ചേർത്ത് ബൈബിൾ സാക്ഷിയാക്കി ചൊല്ലിയത് ഇന്നുമുതൽ മരണം വരെയെന്നല്ലേ?... ദൈവം തരുന്ന കാലം ഒരുമിച്ചു ജീവിക്കുവാൻ തന്നെ തീരുമാനം എന്ന് ഉറപ്പിച്ചു പറഞ്ഞ് കണ്ണുനീർ തുടച്ചപ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു... "അമ്മേ നിനക്ക് സ്വർഗ്ഗത്തിലിടം ഉണ്ട്, നിയൊരു വിശുദ്ധയായ അമ്മയാ....."

യഥാർത്ഥത്തിൽ സ്നേഹത്തിന്റെ ഉറ നഷ്ടപ്പെടുത്താതെ ദൈവം ഏല്പിച്ച കുരിശ് സന്തോഷപൂർവ്വം വഹിക്കുകയാണ്. വിവാഹം എന്ന പദത്തിനർത്ഥം വിശിഷ്ടമായ വഹനം എന്നാണ്. അതായത് ഒരിക്കലും ഉപേക്ഷിക്കാൻ വയ്യാത്തവിധം സ്ത്രീപുരുഷന്മാർ പരസ്പരം സ്വീകരിക്കുന്നു, വഹിക്കുന്നു. എങ്കിൽ ഇന്നത്തെ വിവാഹജീവിതത്തിനെന്തേ ദൈർഘ്യം കുറഞ്ഞുവരുന്നു. ഭർത്താവിന് അടക്കത്തോടുകൂടി തുമ്മാൻ അറിയില്ല എന്നതിന്റെ പേരിൽ വേർപിരിയാനൊരുങ്ങുന്ന ദമ്പതികളെക്കുറിച്ച് കേട്ടു. ഇത്തരം നിസ്സാരതകളെ പർവ്വതീകരിച്ച് ദൈവം ഏൽപിക്കുന്ന ചെറുതും വലുതുമായ കുരിശുകളെ തട്ടിക്കളഞ്ഞ് ഉറകെട്ട ജീവിതമാക്കി ജീവിതങ്ങളെ തകർക്കുന്നവർ ചിന്തിക്കുക മണ്ണിനോ വളത്തിനോ കൊള്ളാതെ പുറത്ത് എറിഞ്ഞുകളയപ്പെടും.

ലേവ്യർ 2,13; മത്തായി 5,13: "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. ഉറകെട്ടുപോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറകൂട്ടും? പുറത്തേക്കു വലിച്ചെറിഞ്ഞ് മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അത് കൊള്ളുകയില്ല".


"ഉപ്പ് നല്ലതുതന്നെ, എന്നാൽ ഉറകെട്ടുപോയാൽ അതിന് എങ്ങനെ ഉറകൂട്ടും? മണ്ണിനോ വളത്തിനോ അത് ഉപകരിക്കുകയില്ല. ആളുകൾ അത് പുറത്തെറിഞ്ഞുകളയുന്നു" ലൂക്കാ 14,34-35.



വി. ഗ്രന്ഥത്തിൽ പലയിടങ്ങളിൽ ഈശോ ഉപ്പിനെക്കുറിച്ച് പറയുന്നു. എന്തൊക്കെയായിരിക്കാം അതിന്റെ തനതായ അർത്ഥസൂചനകൾ? പൊതുവിൽ അതിനെയൊന്ന് വ്യാഖ്യാനിക്കാൻ ശ്രമിച്ചാൽ ഒത്തിരിയേറെ അർത്ഥങ്ങൾ ഗ്രഹിക്കാനാവും.

ഒന്നാമതായി ഉപ്പ് ജീർണ്ണതയിൽ നിന്നും വസ്തുക്കളെ സംരക്ഷിക്കുന്നു. പരമ്പരാഗതമായ ഒരു പ്രക്രിയ എന്നോണം പലരും പല വസ്തുക്കളും ഉപ്പിലിട്ടു സൂക്ഷിക്കാറുണ്ട്. അതിന്റെ ഫലം നാം കാലാകാലങ്ങളോളം അനുഭവി

## പ്രതീക്ഷയുടെ പൂമൊട്ടുകൾ



ക്കാറുമുണ്ട്. എങ്കിൽ ഈ ലോകത്തെത്തന്നെ ജീർണതയിൽ നിന്നും സംരക്ഷിക്കേണ്ട ഒരുത്തരവാദിത്വമാണ് ഓരോ ക്രൈസ്തവനിലും തമ്പുരാൻ നിക്ഷേപിച്ചിരിക്കുക. സമൂഹത്തിലെവിടെയും, സാമൂഹിക, സാംസ്കാരിക, മതപരമായ തലങ്ങളെല്ലാം ജീർണ്ണത നേരിടുന്ന കാലത്തിലാണ് നാം ജീവിക്കുക. ഈ സങ്കീർണ്ണതയുടെ വാങ്ങലുകൾ നാലു ചുവരുകൾക്കുള്ളിലും, കുടുംബം എന്നു നാം വിശേഷിപ്പിക്കുന്നയിടങ്ങളിലും വളരെയേറെയുണ്ട്. കുടുംബങ്ങളിൽ സംശയത്തിന്റെയും, വെറുപ്പിന്റെയും, വിവാഹമോചനത്തിന്റെയും, ഗർഭഛിദ്രത്തിന്റെയും, കൊലപാതകത്തിന്റെയും അരങ്ങായി തീരുമ്പോൾ ഇവിടെയെന്തു നൽകുവാൻ എനിക്കാവും എന്ന ചിന്തയാണ് പ്രധാനം! സ്നേഹം നൽകുന്ന സംരക്ഷകനാകുവാൻ, മൂല്യങ്ങൾ സംരക്ഷിക്കുന്നവളാകുവാൻ കഴിയുമോ? രണ്ടാമത്തെ വിചാരം ഔഷധമാണെന്നുള്ളതാണ്. മുറിവുണക്കുന്ന ഔഷധം. ഉപ്പിലിട്ട മുന്തിരി കേടായ പല്ലിന് മരുന്നായി ഉപയോഗിക്കുന്ന രീതി പണ്ടുകാലങ്ങളിലുണ്ടായിരുന്നു. പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളുടെ ശരീരത്തിൽ ഉപ്പു തേക്കുന്ന രീതിയും ഉണ്ടായിരുന്നു (എസക്കി 6,4). മനുഷ്യൻ എന്ന വാക്കിന് മുറിപ്പെടുത്തുന്നവൻ എന്നർത്ഥമുണ്ടോ എന്നുപോലും ചിന്തിയുണർന്നിട്ടുണ്ട്. ഓരോ മനുഷ്യന്റെയും ജീവിതചക്രം പരിശോധിച്ചാൽ മനസ്സിലാകും മുറിപ്പെട്ടവരോ മുറിവേൽപ്പിച്ചവരോ - ഈ രണ്ടു സത്യങ്ങളിലേതിലെങ്കിലും അകപ്പെട്ടവരാണ് ഓരോരുത്തരും.

അപരനെ തെറ്റിദ്ധരിക്കുക, പേരിന് കളങ്കം ചാർത്തുക, കുത്തുവാക്കുകളാൽ തകർത്തിക്കളയുക, ഭൂതകാലത്തെ ചികഞ്ഞ് നൊമ്പരപ്പെടുത്തുക. യാക്കോബ് ശ്ലീഹാ പറയുന്നു: "ചെറിയ ഒരു തീപ്പൊരി എത്രവലിയ വനത്തെയാണ് ചാമ്പലാക്കുക! നാവു തീയാണ്; അത് ദുഷ്ടതയുടെ ലോകം തന്നെയാണ്...." (3,1-12).


ഈശോ പറയുന്നു: "മറ്റുള്ളവർ നിങ്ങളോട് എപ്രകാരം.... മറ്റുള്ളവരോടും ചെയ്യുവിൻ". ഹൃദയത്തിൽ സ്നേഹത്തിന്റെ മുറിവേൽപിക്കാൻ കഴിവുള്ളവരായ നമുക്ക് മുറിവ് കൊടുക്കുന്നവരാകാതെ മുറിവുണക്കുന്നവരാകാം, സൗഖ്യമേകുന്നവരാകാം. "ഞാനും നിന്നെ വിധിക്കുന്നില്ലാ" എന്നരുളിക്കൊണ്ട് ആഴത്തിലുള്ള മുറിവിനെ സൗഖ്യപ്പെടുത്തിയ നാഥനിലേക്ക് മിഴികളുയർത്താം. തിരുവചനത്തിലൂടെ ഈശോ നമ്മെ ഓർമ്മപ്പെടുത്തുക ജീവിതമേൽപിക്കുന്ന പരിക്കുകളെ ഉണക്കുന്ന ഔഷധമാകുക-അപരന്റെയും തന്റെയും. ശുദ്ധീകരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് അടുത്ത വ്യാഖ്യാനം

ലേവ്യർ 2,13-18; മർക്കോ. 9,49: പഴയനിയമ ഇസ്രായേൽ ജനതയ്ക്ക് യാഗങ്ങളിൽ ഉപ്പ് ഒരു അവശ്യവസ്തുവായിരുന്നു. എല്ലാ വഴിപാടുകൾക്കും ഉപ്പ് ഉപയോഗിച്ചതായി കാണുന്നു. ആര്യന്മാരുടെ യാഗങ്ങളിലും ഇത് കാണുവാൻ സാധിക്കും. വിഷമകറ്റുവാനും ശുദ്ധിവരുത്തുവാനും പലയിടങ്ങളിലും ഇത് നിമിത്തമാകുന്നു.

പഴമക്കാർ കിണർ ശുദ്ധിചെയ്യാൻ ഉപ്പ് കിണറ്റിൽ നിക്ഷേപിച്ചിരുന്നു. അശുദ്ധമായതിനെ ശുദ്ധമാക്കുന്നു എന്നുമാത്രം അർത്ഥം. അശുദ്ധിനിറഞ്ഞ ലോകത്തിലാണ് ഞാനും നീയും. പൗലോസ്ശ്ലീഹാ ആഹ്വാനം ചെയ്യുന്നു: "അശുദ്ധിയിലേയ്ക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ഇതാണ് ദൈവഹിതം; നിങ്ങളുടെ വിശുദ്ധീകരണം" (1തെസ 4,7 4,3).

അശുദ്ധിയുടെ മധ്യേ വിശുദ്ധിയുടെ പ്രതീകമായി നിലകൊള്ളാനും, വിശുദ്ധിയിലേക്ക് മറ്റുള്ളവരെ ആനയിക്കുവാനുമുള്ള പ്രത്യേക ദൗത്യമാണ് ദൈവം നമ്മെ ഭരമേൽപിച്ചിരിക്കുക. നിന്റെ ജീവിതം നീ ആയിരിക്കുന്നയിടങ്ങളിൽ ശുദ്ധീകരിക്കുന്ന സാന്നിധ്യമാണോ നൽകുന്നത്. അതോ...!! അപരന്റെ ജീവിതത്തെ കുറെക്കൂടി സൗമ്യമായി നോക്കിക്കാണാനും ഇത്തിരിയുള്ള ജീവിതം കൂടുതൽ സൗന്ദര്യമുള്ളതാക്കിത്തീർക്കുവാനും "ജനമെല്ലാം ഇവൻ തന്നെയോ ക്രിസ്തു എന്ന് യോഹന്നാനെപ്പറ്റി ചിന്തിച്ചുതുടങ്ങുമാറ്" (ലൂക്കാ 3,15) മറ്റൊരു ഈശോയായി തീരുവാനും ശ്രമിക്കാം.

അടുത്ത വിചാരം രുചി പകരുന്നു എന്ന സത്യമാണ്. നിത്യവും രുചിച്ചറിയുന്ന കലർപ്പില്ലാത്ത സത്യം. അലിയുമ്പോൾ മാത്രം രുചിയേകുന്ന, അലിഞ്ഞില്ലെങ്കിൽ അരുചിയേകുന്ന യാഥാർത്ഥ്യം. ഉപ്പിന്റെ സാന്നിധ്യമില്ലെങ്കിലോ തൃപ്തിയില്ലാത്തയവസ്ഥയും (ജോബ് 6,6).



ഇപ്രകാരം കുടുംബത്തിൽ രുചി പകരുവാൻ, അലിഞ്ഞില്ലാതുകുവാൻ, മറയപ്പെടുന്ന ജീവിതമാകുവാൻ, തൃപ്തിയേകുവാൻ നിനക്കാവുന്നുണ്ടോ?


അവസാനത്തെ ചിന്ത ഉപ്പ് ഉറപ്പിന്റെയും വിശ്വസ്തതയുടെയും പ്രതീകം എന്നുള്ളതാണ്. ഉടമ്പടികൾ സാധൂകരിക്കാൻ ഉപയോഗിച്ചിരുന്നതിനാലാകണം ഈയൊരു വ്യാഖ്യാനം വന്നത്. ഈ ആലങ്കാരിക പ്രയോഗം ദൈവവും ഇസ്രായേലും തമ്മിൽ നിലനിൽക്കുന്ന നിത്യമായ നിയമത്തെക്കുറിക്കുന്നു. അതായത് ലവണ നിയമം (Covenant of salt) സംഖ്യ 18,19; 2 ദിന13,5. കുടുംബ ജീവിതത്തിലും മറ്റ് ഏത് അന്തസിലായാലും അവശ്യം വേണ്ട വിചാരമാണിത്. പഴയനിയമ ജനതയുമായി ദൈവത്തിനുണ്ടായിരുന്ന ഉടമ്പടി ബന്ധം ജീവിക്കുക എന്നതാണ് ഓരോ മനുഷ്യനെയും സംബന്ധിച്ച ദൈവിക തിരഞ്ഞെടുപ്പ്. "ഞാൻ നിന്റേതും നീ എന്റേതും" കുടുംബജീവിതത്തിൽ ഭാര്യാഭർത്തൃ ബന്ധവും സമർപ്പണ ജീവിതത്തിൽ ദൈവുമായുള്ള ബന്ധവും ഇപ്രകാരമായിരിക്കണം. പ്രതിസന്ധികളുടെയും തകർച്ചകളുടെയും തളർച്ചയുടെയും മധ്യേ ഉറപ്പിന്റെയും വിശ്വസ്തതയുടെയും ജീവിതത്തിന് മാതൃകളാകാൻ കഴിയണം.

ജീവന്റെ അടയാളമായി ഉറപ്പിനെ വി. ഗ്രന്ഥം വിലയിരുത്തുമ്പോൾ (നിയമാവർത്തനം 29,23; ന്യായാധി 9,45; ജറമിയ 17,6). മനുഷ്യജീവിതം ഇപ്രകാരം ആയിരിക്കണം എന്ന് പുതിയനിയമത്തിലൂടെ ഈശോ വെളിപ്പെടുത്തുകയായിരുന്നു. വലിച്ചെറിപ്പെടാനുള്ളതല്ല നിന്റെ ജീവിതം.

ആരുടെയും ഹൃദയത്തിൽനിന്നും വലിച്ചെറിയപ്പെടാനുള്ളതല്ല ഈ ജീവിതം !!

ആരെയും നിന്റെ ഹൃദയത്തിൽ നിന്നും വലിച്ചെറിയാനുള്ളതല്ല ഈ മനോഹര ജീവിതം !!

ചിന്തിക്കാം-ഉറകെട്ടുപോയ ജീവിതമാണോ നിന്റേത് !!



# ബൈബിളിനെ അറിയാൻ

പഴയനിയമങ്ങളെ ചരിത്രപരം, പ്രവചനപരം, പ്രബോധനപരം എന്നു പൊതുവേ മൂന്നായി തിരിച്ചിട്ടുണ്ട്. ഇതിൽ ചരിത്രപരമായ ഗ്രന്ഥങ്ങളുടെ ഒരു സംക്ഷിപ്തവിവരണമാണിത്.

**1. ഉത്പത്തി**

പ്രപഞ്ചോത്പത്തിയെപ്പറ്റി വിവരിക്കുന്നതുകൊണ്ട് ഈ പുസ്തകത്തിന് ഉത്പത്തി എന്ന പേര് ലഭിച്ചു. പ്രപഞ്ചത്തിന്റെയും ആദിമാതാപിതാക്കളുടെയും സൃഷ്ടി, മനുഷ്യന്റെ അധഃപതനം, തിന്മയുടെ വർദ്ധന, പിതാക്കന്മാരുടെ ചരിത്രം ഇവയാണ് ഇതിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങൾ.

**2. പുറപ്പാട്**

ആദിപിതാവായ അബ്രാഹത്തിന്റെ സന്തതികൾ ഈജിപ്തിലേക്ക് പുറപ്പെട്ട് അവിടെ വാസമുറപ്പിച്ചു. ഫറവോ രാജാവ് ഇസ്രയേൽ ജനതയെ പീഡിപ്പിച്ച് അടിമകളാക്കി, മോശയുടെ നേതൃത്വത്തിൽ ഇസ്രയേൽക്കാർ സീനായി മല ലക്ഷ്യമാക്കി യാത്രതിരിച്ചു. അടിമത്തത്തിൽ നിന്ന് മോചിതരായി തിരിച്ച് കാനാൻ ദേശത്ത് എത്തിയ ചരിത്രം വിവരിക്കുന്നതുകൊണ്ട് ഈ പുസ്തകത്തിന് പുറപ്പാട് എന്ന പേര് ലഭിച്ചു.

**3. ലേവ്യർ**

12 ഗോത്രങ്ങളുള്ള ഇസ്രായേൽക്കാരിൽ ലേവിയുടെ ഗോത്രമാണ് പൗരോഹിത്യ ശുശ്രൂഷയ്ക്കും ദൈവാലയ ശുശ്രൂഷയ്ക്കുമായി നിയോഗിക്കപ്പെട്ടത്. ശുദ്ധീകരണം, ആരാധന, ശുശ്രൂഷ എന്നിവയെ സംബന്ധിച്ച നിയമങ്ങൾ ഈ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു.

**4. സംഖ്യ**

വാഗ്ദത്ത ഭൂമിയുടെ അതിർത്തിയായ മൊവാബു താഴ്‌വരയിൽ എത്തുന്നതുവരെയുള്ള ഇസ്രയേൽ ജനത്തിന്റെ 40 വർഷത്തെ മരുഭൂമിയിലെ വാസത്തിന്റെ ചരിത്രമാണ് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ഇസ്രായേല്യർ മരുഭൂമിയിൽ വാസം ആരംഭിച്ചതിന്റെ ആരംഭത്തിലും അവസാനത്തിലും നടത്തിയ ജനസംഖ്യ കണക്കെടുപ്പിന്റെ വിവരങ്ങൾ ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതിനാൽ ഇതിന് സംഖ്യ എന്ന പേര് ലഭിച്ചു.

**5. നിയമാവർത്തനം**

മൊവാബു പീഠഭൂമിയിൽ വച്ച് മോശ ഇസ്രയേൽ ജനത്തിന് നൽകിയ നിയമങ്ങളും ചട്ടങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം. മിശിഹാ ഏറ്റവും അധികം ഉദ്ധരിച്ചിട്ടുള്ള പഴയനിയമ ഗ്രന്ഥമാണ് ഇത്. മറ്റ് പുസ്തകങ്ങളിൽ പഠിപ്പിക്കുന്ന നിയമങ്ങളും വിധികളും ആവർത്തിച്ച് പഠിപ്പിക്കുന്നതുകൊണ്ട് ഈ ഗ്രന്ഥത്തെ നിയമാവർത്തനം എന്ന് വിളിക്കുന്നു.

**6. ജോഷ്വാ**

കാനാൻ ദേശം ഇസ്രയേൽ ജനത്തിന് കാണിച്ചുകൊടുക്കാനേ മോശയ്ക്ക് സാധിച്ചുള്ളൂ. അവിടെ കാലുകുത്താൻ മോശയെ ദൈവം അനുവദിച്ചില്ല. മോശയുടെ പിൻഗാമിയായ ജോഷ്വായെയാണ് വാഗ്ദത്ത ഭൂമി കര

സ്ഥമാക്കാൻ ദൈവം നിശ്ചയിച്ചത്. കാനാൻ ദേശം കൈയടക്കുകയും അത് ഗോത്രങ്ങൾക്ക് ഭാഗിച്ചു കൊടുക്കുകയും ചെയ്യുന്ന വിവരമാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം.

**7. ന്യായാധിപന്മാർ**

ജോഷ്വായുടെ കാലശേഷം സാവൂളിന്റെ ഭരണം തുടങ്ങുന്നതുവരെ ഇസ്രയേലിനെ ഭരിച്ച 12 ന്യായാധിപന്മാരുടെ ചരിത്രം വിവരിക്കുന്നു. ന്യായാധിപന്മാരെന്ന വാക്കുകൊണ്ട് നീതിപാലകരെയല്ല ഉദ്ദേശിക്കുന്നത്, പ്രത്യുത ജനത്തെ ശത്രുക്കളിൽ നിന്ന് രക്ഷിക്കുന്ന യുദ്ധ വീരന്മാരെയാണ്.

**8. റൂത്ത്**

സ്നേഹിത എന്നാണ് ഈ വാക്കിന്റെ അർത്ഥം. യഹൂദവംശയല്ലാത്ത റൂത്ത് എന്ന കഥാപാത്രത്തിന്റെ പേര് തന്നെയാണ് ഈ പുസ്തകത്തിന് നൽകിയിരിക്കുന്നത്. റൂത്ത് തന്റെ അമ്മായിയമ്മയുടെ ഭർതൃ കുടുംബത്തിൽപ്പെട്ട സമ്പന്നനായ ബോവാസ് എന്ന ചാർച്ചക്കാരനെ വിവാഹം ചെയ്തു. അവർക്ക് ജനിച്ച മകൻ ഓബാദ് ദാവീദിന്റെ പിതാമഹനാണ്. അങ്ങനെ വിജാതീയരായ ഒരു സ്ത്രീയുടെ പേര് ഈശോയുടെ വംശാവലിയിൽ സ്ഥാനം പിടിച്ചു. ഇതുവഴി ദൈവത്തിന്റെ രക്ഷാകരപദ്ധതി സാർവത്രികമാണ് എന്ന് തെളിയിക്കുന്നു.

**9, 10. 1,2 സാമുവൽ**

ഈ പുസ്തകങ്ങളിലെ പ്രധാന കഥാപാത്രങ്ങൾ സാമുവേലും അദ്ദേഹം അഭിഷേകം ചെയ്ത സാവൂൾ, ദാവീദ് എന്ന രണ്ട് രാജാക്കന്മാരുമാണ്. അവസാന ന്യായാധിപനായ സാമുവേലിന്റെ ചരിത്രം മുതൽ ദാവീദിന്റെ ഭരണത്തിന്റെ അവസാനം വരെയുള്ള ചരിത്രം ഈ പുസ്തകത്തിൽ വിവരിക്കുന്നു. ഇസ്രയേൽക്കാർ തങ്ങളുടെ രാജാവ് ഉണ്ടാകണം എന്ന് മുറവിളി കൂട്ടിയപ്പോൾ സാമുവൽ സാവൂളിനെ രാജാവാക്കി. പക്ഷേ, കർത്താവിന്റെ കല്പന ലംഘിച്ചതു കാരണം സാവൂൾ തിരസ്കൃതനായി. പിന്നീട് ദാവീദിനെ രാജാവാക്കി. പക്ഷേ ദാവീദ് തിന്മ പ്രവർത്തിച്ചത് അനിഷ്ടകരമായി. ദാവീദ് ഉള്ളുരുകി പ്രാർത്ഥിച്ചു. അനുതാപത്തിന്റെയും വിജയ കീർത്തനങ്ങളുടെയും സങ്കീർത്തനങ്ങൾ രചിച്ചത് ദാവീദാണ്.

**11, 12. 1,2 രാജാക്കന്മാർ**

ദാവീദിന്റെ പുത്രൻ സോളമനായിരുന്നു അടുത്ത കിരീടവകാശി. സോളമന്റെ ഏറ്റവും വലിയ നേട്ടമാണ് മനോഹരമായ ജറുസലേം ദൈവാലയത്തിന്റെ നിർമ്മാണം. സോളമൻ ദൈവകല്പന ലംഘിക്കുകയും വിഗ്രഹാരാധനയിലേക്ക് തിരിയുകയും ചെയ്തു. അദ്ദേഹത്തിന്റെ കാലശേഷം ഭരിച്ച രാജാക്കന്മാർ ദൈവത്തിൽ നിന്ന് അകന്ന് വിഗ്രഹാരാധനയിലും വിജാതീയ കൂട്ടുകെട്ടിലും മുഴുകി. അവർക്ക് മുന്നറിയിപ്പ് നല്കാനായി ദൈവം പ്രവാചകന്മാരെ അയച്ചു. ജനം അവരെയും അനുസരിച്ചില്ല. ദൈവം രാജ്യത്തെ നാമാവശേഷമാക്കി.

**13, 14. 1,2 ദിനവൃത്താന്തം**

ബാബിലോൺ പ്രവാസത്തിൽ നിന്ന് തിരിച്ചെത്തിയശേഷം രചിക്കപ്പെട്ട ആദാം മുതലുള്ള മുൻകാല ചരിത്രത്തിന്റെ ഒരു വ്യാഖ്യാനം ആണ് ഈ പുസ്തകം. ഒന്നാം പുസ്തകത്തിൽ ആദം മുതൽ സാവൂളിന്റെ എട്ടാം തലമുറവരെയുള്ള വംശാവലി, സാവൂളിന്റെ മരണം, ദാവീദിന്റെ ഭരണകാലത്തെ സംഭവങ്ങൾ, ദൈവാലയ നിർമ്മാണം ഇവ വിവരിക്കുന്നു.

രണ്ടാം പുസ്തകത്തിൽ സോളമന്റെ ഭരണകാലത്തെ ജെറുസലേം ദൈവാലയത്തിന്റെ നിർമ്മാണം, യൂദായുടെ ബാബിലോൺ അടിമത്തം വരെയുള്ള രാജാക്കന്മാരുടെ ചരിത്രം, പേർഷ്യൻ രാജാവായ സൈറസിന്റെ



സ്വാതന്ത്ര്യ പ്രഖ്യാപന വിളംബരം എന്നീ കാര്യങ്ങൾ പ്രതിപാദിക്കുന്നു.

**15. എസ്ര**

പേർഷ്യൻ രാജാവായ സൈറസ് യഹൂദർക്ക് 70 വർഷത്തെ ബാബിലോൺ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പേർഷ്യൻ രാജാവിന്റെ കൊട്ടാരത്തിലെ നിയമജ്ഞനായ എസ്രായുടെ നേതൃത്വത്തിൽ ഒരു സംഘം ജറുസലേമിൽ എത്തുകയും മോശയുടെ നിയമം നടപ്പിലാക്കുകയും ചെയ്തു. ഒരു ജനം, ഒരു ദൈവാലയം, ഒരു നിയമം എന്നീ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പല പരിഷ്കാരങ്ങളും എസ്ര നടപ്പിലാക്കി.

**16. നെഹെമിയ**

പേർഷ്യൻ രാജാവായ അർത്താക്സെർക്സിന്റെ പാനപാത്ര വാഹിയായ നെഹെമിയ യൂദായുടെ ഗവർണ്ണറാകുകയും മത നവീകരണ പ്രവർത്തനങ്ങൾ, ജറുസലേം മതിൽ നിർമ്മാണം, ഉടമ്പടി നവീകരിക്കൽ തുടങ്ങിയ പല ആദ്ധ്യാത്മിക നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുകയും ചെയ്തു.

**17. തോബിത്**

സുകൃത ജീവിതത്തിന്റെ മാതൃകയാണ് തോബിത്. നിനവേയിലേക്ക് നാട് കടത്തപ്പെട്ട തോബിത് പരസ്നേഹ പ്രവൃത്തികളിൽ ഏർപ്പെട്ട് ജീവിച്ചു വരവേ കുരുവിയുടെ കാഷ്ഠം വീണ് അന്ധനായി തീർന്നു. തോബിത്തിന്റെ ബന്ധുവായ സാറായെ വിവാഹം കഴിച്ച 7 ഭർത്താക്കന്മാരും വിവാഹ ദിവസം തന്നെ വധിക്കപ്പെട്ടു. തോബിത്തിന്റെ മകൻ തോബിയാസും സാറായെ വിവാഹം കഴിച്ചെങ്കിലും ദൈവത്തിന്റെ സഹായത്താൽ പരീക്ഷണത്തെ വിജയിക്കുന്നു. തോബിത്തിന്റെ അന്ധത നീക്കം ചെയ്യപ്പെടുകയും ചെയ്തു. പ്രാർത്ഥനയുടെയും ഉപവാസ ദാന ധർമ്മങ്ങളുടെയും മാഹാത്മ്യവും തന്റെ വിശ്വസ്തരെ ദൈവം സംരക്ഷിക്കുമെന്ന തത്ത്വവും ഈ പാഠപുസ്തകം പഠിപ്പിക്കുന്നു.

**18. യൂദിത്ത്**

ഇസ്രായേലിന്റെ നേരെയുള്ള ദൈവപരിപാലനയെ ചിത്രീകരിക്കുന്ന ഒരു ഗ്രന്ഥമാണ് യൂദിത്ത്. യൂദിത്ത് എന്ന ധീര വനിതയിലൂടെ ഇസ്രയേൽ ശത്രുക്കളുടെ മേൽ നേടിയ വിജയത്തിന്റെ കഥയാണ് ഇതിലെ പ്രതിപാദ്യം. പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയിക്കുന്നതിന് ജനങ്ങൾക്ക് ഉത്തേജനം നല്കുക എന്നതാണ് ഗ്രന്ഥകർത്താവിന്റെ ലക്ഷ്യം.

**19. എസ്തേർ**

എസ്തേർ എന്ന ധീരവനിതയിലൂടെ യഹൂദർ നേടിയ വിമോചനത്തിന്റെ കഥയാണ് ഇതിലെ പ്രതിപാദ്യം. പേർഷ്യൻ രാജാവായ അഹസ്വേരൂസ് യഹൂദയായ എസ്തേറിനെ രാജ്ഞിയാക്കി. എസ്തേർ ആകട്ടെ രാജാവിന്റെ അന്തപുര വിചാരിപ്പുകാരനായ മൊർദെക്കായുടെ ദത്തുപുത്രിയായിരുന്നു. പ്രധാന മന്ത്രിയായിരുന്ന ഹാമാൻ മൊർദെക്കായെ നശിപ്പിക്കാൻ തീരുമാനിച്ചു. മൊർദെക്കായെ തൂക്കികൊല്ലാൻ ഉയർത്തിയ കഴുമരത്തിൽ ഹാമാൻ തൂക്കിക്കൊല്ലപ്പെട്ടു. ഈ വിജയത്തിന്റെ സ്മരണയ്ക്കായി പൂരി ഉത്സവം ആരംഭിച്ചു.

**20,21. 1,2 മക്കബയാർ**

മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ മരണശേഷം ഗ്രീക്ക് സാമ്രാജ്യം അദ്ദേഹത്തിന്റെ സേനാധിപന്മാർ വിഭജിച്ചെടുത്തു. സിറിയായിലെ അന്തിയോക്കസ് എപ്പിഫാനസ് രാജാവായതോടെ യഹൂദരുടെ മേൽ മതമർദ്ദനം ആരംഭിക്കുകയും ചെയ്തു. പുരോഹിതനായ മത്താത്തിയാസും അദ്ദേഹത്തിന്റെ ഏഴു മക്കളും ദൈവശക്തിയിലാശ്രയിച്ച് മതമർദ്ദനത്തെ നേരിട്ടു. മത്താത്തിയാസിന്റെ 'മക്കബയാൻ' എന്നറിയപ്പെടുന്ന മൂന്നാമത്തെ മകൻ യൂദായുടെ കൂടെ ചേർന്നവർക്കെല്ലാമാണ് മക്കബയാർ എന്ന പേര് കിട്ടിയത്.

രണ്ടാമത്തെ പുസ്തകത്തിൽ മതമർദ്ദനത്തിൽ വീരചരമമടഞ്ഞ മറ്റ് രക്തസാക്ഷികളുടെ ചരിത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വീരചരമമടഞ്ഞവർ നിത്യമായി ജീവിക്കുമെന്ന് ഈ ഗ്രന്ഥം ഉറപ്പിച്ച് പ്രസ്താവിക്കുന്നു. മരണാനന്തരജീവിതത്തെപ്പറ്റിയും മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകളെപ്പറ്റിയും ആദ്യമായി ബൈബിൾ പഠിപ്പിക്കുന്നതും ഈ ഗ്രന്ഥത്തിലാണ്.

തയ്യാറാക്കിയത്:

**പ്രൊഫ. അബ്രാഹം കോക്കാട്ട്, എലിക്കുളം**



# ധാരണകളെ മൂടുന്ന മാറാലകൾ

സാബി


അവർ വീണ്ടും ഒന്നുചേർന്നു, നീണ്ട 381 ദിവസങ്ങൾക്കുശേഷം. അതൊരു പ്രദേശത്തിന്റെതന്നെ പ്രാർത്ഥനയ്ക്കുത്തരമായിരുന്നു. എന്റെ ആത്മമിത്രങ്ങളായ സിജോയും ജിജോയും ഇണപിരിയാത്ത സഹോദരന്മാരായിരുന്നു. ചെറുപ്പം മുതലുള്ള അവരുടെ പരസ്പരസ്നേഹംകണ്ട് മറ്റുള്ളവർ പറയും – 'ദേ നോക്ക്! സഹോദരന്മാരായാൽ അങ്ങനെ വേണം.' വിവാഹശേഷവും പരസ്പരം ആലോചിച്ചേ അവർ എന്തും ചെയ്യൂ. ഒരുമിച്ചു പണിചെയ്ത് സന്തോഷത്തോടെ മുന്നേറുന്ന അവരുടെ ഭവനത്തിൽ ദൈവം സമൃദ്ധി പ്രദാനംചെയ്യുന്നത് ബന്ധുജനങ്ങൾക്ക് അസഹനീയമായി. പിശാച് തെറ്റുധാരണകളാകുന്ന അമ്പുകൾ എയ്യുവാൻ തുടങ്ങി. ആദ്യമൊന്നും അവർ അത് കാര്യമാക്കിയില്ല. എന്നാൽ ഏതോ ഒരു ദുർബലനിമിഷത്തിൽ അവർ തെറ്റുധാരണകൾക്ക് വിധേയരായി. ഒരു മനസ്സോടെ നടന്നവർ രണ്ടു മനസ്സായി. ഒന്നിനുമേൽ മറ്റൊന്ന് എന്ന വിധം തെറ്റുധാരണകളാൽ നിറഞ്ഞവരായി നീണ്ട ഒരു വർഷം അവർ തള്ളിനീക്കി. ഫലമോ തൊടുന്നതെല്ലാം പൊന്നാക്കുന്നവർ തകർച്ചയുടെ വക്കിലായി. ദൈവത്തിന്റെ കൃപയാൽ അവരുടെ ഭാര്യമാർ ഈ പിണക്കത്തിന് കൂട്ടുനിന്നില്ല. കുടുംബത്തിന്റെ പ്രാർത്ഥനയും ഉപവാസവുംമൂലം ദൈവത്തിന്റെ ശക്തമായ ഇടപെടൽ അവരിലേക്ക് വീണ്ടും കടന്നുവന്നു...

തെറ്റുധാരണകൾ... ആ പദത്തിൽത്തന്നെ അതിന്റെ അർത്ഥം വ്യക്തമാണ് – ചിന്തകളിൽ, ബോധ്യങ്ങളിൽ, ധാരണകളിൽ വരുന്ന തെറ്റുകൾ. ഇവയ്ക്ക് യാഥാർത്ഥ്യവുമായി ലവലേശം ബന്ധമുണ്ടായിരിക്കണമെന്നില്ല. എന്നാൽ നമ്മിൽ പലരും ഈ ധാരണകളുടെ വലയത്തിലാണ്. അനുദിനജീവിതത്തെ ദുഃഖപൂരിതമാക്കുന്നതിലും ഇതിനുള്ള പങ്ക് അവർണനീയമാണ്. മനുഷ്യന്റെ ഉറക്കം നഷ്ടപ്പെടുത്തുക, സമാധാനം നഷ്ടപ്പെടുത്തുക, അപകർഷമനോഭാവം ജനിപ്പിക്കുക... അത് വളർന്ന് ആത്മഹത്യകൾ, വിവാഹമോചനങ്ങൾ, കൊലപാതകങ്ങൾ, സംശയരോഗങ്ങൾ തുടങ്ങിയവയിൽ കലാശിക്കുന്നു.

ഇത് ഇന്നിന്റെ സംഭാവനയല്ല. പഴയ നിയമകാലം മുതലിങ്ങോട്ട് തലമുറകളായി കൈമാറിക്കിട്ടിയതാണ്. ഉല്പത്തിപുസ്തകത്തിൽ വിവരിക്കുന്ന ആദിമാതാപിതാക്കൾ, ദൈവികചൈതന്യം അനുഭവിച്ച് ദൈവ

ത്തോട് പറ്റിച്ചേർന്നു നടന്നിട്ടും സാത്താൻ അവരിൽ 'നിങ്ങൾ ദൈവത്തെപ്പോലെയാകും' എന്ന തെറ്റുധാരണ വളർത്തി. ഫലമോ പറുദീസായുടെ പടിവാതിൽ അവർക്കുമുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ടു.

ഇസ്രായേൽജനങ്ങൾ വളർന്ന് തങ്ങളുടെ അടിത്തറ തകർക്കുമെന്ന് തെറ്റുധരിച്ച് ഫറവോ അവരെ പീഡിപ്പിച്ചപ്പോൾ, ദൈവം തന്റെ മക്കളുടെ നിലവിളിയിൽ ചെവിചായ്ച്ച് ഈജിപ്തിലേക്കു മഹാമാരി അയയ്ക്കുന്നു. പിതാവിന്റെ പ്രീതിപാത്രമെന്ന തെറ്റുധാരണ ജോസഫിനെ പൊട്ടക്കിണറിൽ തള്ളിയിടുവാനും പിന്നീട് വിദേശികൾക്കു വില്ക്കുവാനും സഹോദരങ്ങളെ പ്രേരിപ്പിച്ചു.



ജറുസലേമിനെ അടക്കിഭരിക്കുന്ന രാജാവാണ് എന്ന് തെറ്റുധരിച്ച് യഹൂദർ ഈശോയെ കുരിശിലേറ്റി. അത്ഭുതങ്ങൾ ഉപയോഗിച്ച് സ്വയം രക്ഷപെടുമെന്ന് തെറ്റുധരിച്ച് ഈശോയെ ഒറ്റിക്കൊടുക്കുന്ന യൂദാസ് തന്റെ അന്ത്യം ഒരു മുഴം കയറിൽ കണ്ടെത്തി.

ദൈവദാസനായ വില്യംജകിീൻതാ പിതാവിന്റെ ഭാഷയിൽ തിന്മകൾ നമ്മിൽ പെരുകുന്നത് ഉപയോഗിക്കാതെ കിടക്കുന്ന ഒരു കണ്ണാടിയിൽ വീഴുന്ന പൊടിപടലം പോലെയാണ്. അത് തുടയ്ക്കാൻ നാം മുതിർന്നില്ലെങ്കിൽ കണ്ണാടി അതിന്റെ തനിമതന്നെ നഷ്ടപ്പെടുത്തും. മുഖം കാണാൻ മറ്റുള്ളവരെ സഹായിക്കുക എന്ന ദൗത്യം കണ്ണാടി മറന്നാൽ എന്തിനുകൊള്ളാം!

തെറ്റുധാരണകളും ഇപ്രകാരമാണ്. ഒരു പ്രാവശ്യം ഇതിന് കടന്നുവരാനുള്ള വഴിതെളിച്ചാൽ അത് നമ്മിൽ കുടിയേറും. നമ്മെ ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും നമ്മിൽനിന്നുതന്നെയുമകറ്റി വികൃതരൂപികളാക്കും. തെറ്റുധാരണകൾ മറ്റുള്ളവരിൽ ഏല്പിക്കാനാണ് നാം വാക്കുകളുപയോഗിക്കുന്നതെങ്കിൽ ദൈവം എത്രമേൽ നമ്മെ നോക്കി കരയും!

നല്ല ധാരണകൾ ആർജിക്കുവാനും മറുപുറം നോക്കാതെ എന്തും വിശ്വസിക്കുന്ന പതിവ് ഒഴിവാക്കുവാനും നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ഒപ്പം മറ്റുള്ളവരിൽ നല്ല ധാരണ ജനിപ്പിക്കുന്ന ഒരു നിമിഷമെങ്കിലും ജീവിതത്തിൽ കരഗതമാക്കാൻ അശ്രാന്തപരിശ്രമം നടത്തുകയും ചെയ്യാം.

തിന്മകൾ നമ്മിൽ പെരുകുന്നത് ഉപയോഗിക്കാതെ കിടക്കുന്ന ഒരു കണ്ണാടിയിൽ വീഴുന്ന പൊടിപടലം പോലെയാണ്. അത് തുടയ്ക്കാൻ നാം മുതിർന്നില്ലെങ്കിൽ കണ്ണാടി അതിന്റെ തനിമതന്നെ നഷ്ടപ്പെടുത്തും. മുഖം കാണാൻ മറ്റുള്ളവരെ സഹായിക്കുക എന്ന ദൗത്യം കണ്ണാടി മറന്നാൽ എന്തിനുകൊള്ളാം!



# ദൈവത്തിന്റെ കരവലയത്തിൽ

സെലീനാ വെള്ളാത്തടം

ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ ജയിൽവാസമനുഭവിക്കേണ്ടിവന്ന വ്യക്തിയാണ് റഷ്യാക്കാരനായ ലൂതറൻ പാസ്റ്റർ. തനിക്ക് പ്രിയപ്പെട്ടവരായിരുന്ന സകലരും അദ്ദേഹത്തിന് നഷ്ടപ്പെട്ടു. മതാത്മക ജീവിതത്തിൽ അദ്ദേഹത്തിന് ലഭിച്ചിരുന്ന എല്ലാ സമാശ്വാസങ്ങളും സന്തോഷങ്ങളും കൂടി നഷ്ടപ്പെട്ടു എന്ന തോന്നൽ അദ്ദേഹത്തെ തീർത്തും നിരാശനാക്കി. അങ്ങനെയിരിക്കെ അദ്ദേഹത്തിന് ആത്മീയമായ ഒരു പ്രചോദനം ഉണ്ടായി. പ.ത്രിത്വം തന്നിൽ വസിക്കുന്നുവെന്നും ത്രിത്വത്തിലെ മൂന്നു വ്യക്തികളോട് പ്രാർത്ഥനയിലൂടെ നിരന്തരം ബന്ധപ്പെട്ടുകൊണ്ട് ത്രിത്വത്തിന്റെ സഹവാസത്തിലായിരിക്കുവാൻ തനിക്കു സാധിക്കുമെന്നതുമായിരുന്നു അദ്ദേഹത്തിന്റെ ആത്മീയ പ്രകാശം. ഈ ബോധ്യം നവമായ ആത്മീയ ശക്തിയും ജീവനും അദ്ദേഹത്തിന് പ്രദാനം ചെയ്തു. നിരന്തരമായ പ്രാർത്ഥനയിലും ദൈവൈക്യത്തിലും തുടർന്നുള്ള ദിനങ്ങൾ അദ്ദേഹം ജയിലിൽ ചെലവഴിച്ചു.

നിരന്തരം പ്രാർത്ഥിക്കുവാനും ദൈവവുമായി ബന്ധം പുലർത്തുവാനും സാധിക്കുകയെന്നത് മനുഷ്യന്റെ ആത്മീയമായ ഒരു ശക്തിയും സിദ്ധിയുമാണ്. ഏതു സാഹചര്യത്തിലും അനുദിന ജീവിതാനുഭവങ്ങളിലും മനസിനെ ദൈവത്തിലേക്കുയർത്തി ദൈവത്തിന്റെ സ്നേഹാർദ്രമായ കരവേലകളെ കാണാൻ കഴിയുക എന്നത് മനുഷ്യന്റെ കഴിവാണ്. ഇത് ഒരു ശക്തിക്കും നമ്മിൽനിന്ന് എടുത്തുകളായാനാവില്ല.

ദൈവത്തോട് സംസാരിക്കാൻ ഏറ്റവും എളുപ്പമുള്ള വിഷയങ്ങളാണ് നമ്മുടെ വേദന

കളും ദുഃഖങ്ങളും കഷ്ടതകളുമെല്ലാം. ഹൃദയത്തിൽ തളംകെട്ടി നിൽക്കുന്ന വേദനകളെല്ലാം ആരോടെങ്കിലും ഒന്നു തുറന്നുപറയുവാൻ സാധിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുക സ്വാഭാവികമാണ്. അവയെക്കുറിച്ച് മനുഷ്യരോട് പറയുന്നതിന് മുൻപ് ദൈവവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു, "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11, 28). വേദനയുടെ ആധിക്യത്താൽ സങ്കീർത്തകൻ ഇപ്രകാരം ആവാലാതിപ്പെടുന്നു "അവിടുത്തെ സന്നിധിയിൽ ഞാൻ എന്റെ ആവലാതികൾ ചൊരിയുന്നു" (സങ്കീ 42:2).

ജീവിതദുഃഖങ്ങൾ ഒന്നിനുപുറകേ ഒന്നായി കടന്നുവന്നാലും ഒരിക്കലും നിരാശരാകേണ്ട ആവശ്യമില്ല എന്ന് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ദുഃഖദുരിതങ്ങൾ നമ്മിൽ ദൈവസ്നേഹം ആഴപ്പെടുത്തുന്ന നിമിഷങ്ങളാണ്. ഈ ഭൂമിയിൽ എത്ര ശക്തമായ കൊടുംകാറ്റ് ആഞ്ഞടിച്ചാലും വീഴാതിരിക്കാൻ തക്കവിധം ദൈവം നമ്മെ താങ്ങുന്നു. "എന്റെ മുമ്പിലും പിമ്പിലും അവിടുന്ന് എനിക്ക് കാവൽ നിൽക്കുന്നു. അവിടുത്തെ കരം എന്റെ മേലുണ്ട്. ഈ അറിവ് എന്നെ വിസ്മയിപ്പിക്കുന്നു. എനിക്ക് അപ്രാപ്യമാംവിധം അത് ഉന്നതമാണ്.



അങ്ങയിൽ നിന്ന് ഞാൻ എവിടെപ്പോകും. ആകാശത്തിൽ കയറിയാൽ അങ്ങ് അവിടെയുണ്ട്. ഞാൻ പ്രഭാതത്തിൽ ചിറകുവിരിച്ച് സമുദ്രത്തിന്റെ അതിർത്തിയിൽ ചെന്നുപാർത്താൽ അവിടെയും അങ്ങയുടെ കരം എന്നെ നയിക്കും. അങ്ങയുടെ വലതുകരം എന്നെ പിടിച്ചു നടത്തും" (സങ്കീ 139,5-10).

ദൈവത്തിൽ നിന്നകന്ന് എത്രദൂരം ഞാൻ സഞ്ചരിച്ചാലും സഹായിക്കാനും താങ്ങാനും ആരുമില്ല എന്നു ചിന്തിക്കുമ്പോഴും തെറ്റിദ്ധാരണകളും പ്രതിസന്ധികളും ജീവിതത്തെ തകർക്കുമ്പോഴും ഞാൻ തനിച്ചല്ല. പ്രത്യുത ത്രിത്വൈക ദൈവത്തിന്റെ കുടുംബത്തിലാണ് എന്ന ബോധ്യം എന്നെ നവചൈതന്യത്തിലേക്കു നയിക്കുന്നു.

ഏകാന്തദുഃഖങ്ങളിൽ മുഴുകുന്ന മനുഷ്യാ, നിന്റെ ദൈവം എത്ര സ്നേഹത്തോടെ നിന്നെ സമീപിക്കുന്നു. അവിടുന്നു ചോദിക്കുന്നു: "സമീപസ്ഥനായിരിക്കുമ്പോൾ മാത്രമാണോ ഞാൻ നിങ്ങൾക്കു ദൈവം; വിദൂരത്തിലായിരിക്കുമ്പോഴും ഞാൻ ദൈവമല്ലേ? എനിക്കു കാണാൻ കഴിയാത്തവിധം ആർക്കെങ്കിലും രഹസ്യ സങ്കേതങ്ങളിൽ ഒളിക്കാൻ സാധിക്കുമോ? സ്വർഗ്ഗവും ഭൂമിയും നിറഞ്ഞുനിൽക്കുന്നവനല്ലേ ഞാൻ?"

ദൈവത്തിലുള്ള ആഴമായ വിശ്വാസവും പ്രാർത്ഥനയും അനുദിന ജോലികൾ ശാന്തമായി ചെയ്തുതീർക്കുവാൻ നമ്മെ സഹായിക്കുന്നു. ദൈവസാന്നിധ്യ ചിന്തകളാണ് നമ്മെ ശാന്തമാക്കുന്നത്. ആത്മീയ സന്തോഷം അനുഭവിച്ചറിഞ്ഞ ടാഗോറിന്റെ സ്നേഹപ്രാർത്ഥനയിൽ അദ്ദേഹം പറയുന്നു "എന്റെ ഗൃഹാങ്കണത്തിൽ പൊട്ടിച്ചിരി മുഴങ്ങുമ്പോഴും, വേണുനാദമുതിരുമ്പോഴും ഗൃഹ ഭിത്തികൾ ഭംഗിയായി അലങ്കരിക്കപ്പെടുമ്പോഴും അങ്ങയെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവരാൻ സാധിച്ചില്ലല്ലോ എന്ന വിചാരം എന്റെ മനസ്സിൽ മങ്ങാതെ കിടക്കട്ടെ."

പലപ്പോഴും നമ്മുടെ ജോലികളിൽ സന്തോഷങ്ങളിൽ, ആഹ്ലാദപ്രകടനങ്ങളിൽ,

ചിന്തകളിൽ തീരുമാനങ്ങളിലെല്ലാം ദൈവത്തെ മാറ്റിനിർത്തുന്നതാണ് പല ദുഃഖങ്ങൾക്കും നിദാനമായിത്തീരുന്നത്. ഉണരുമ്പോൾ മുതൽ ഉറങ്ങുമ്പോൾ വരെ കൂടെ നടക്കുന്ന ദൈവത്തോടു ചേർന്ന് ഓരോ ചുവടും വയ്ക്കാൻ സാധിച്ചാൽ എല്ലാം എന്റെ ദൈവത്തിന്റെ ഇഷ്ടം മാത്രമാണ് ജീവിതത്തിൽ സംഭവിക്കുന്നത് എന്ന് കാണുവാൻ സാധിക്കും. അവിടെ മനസ്സ് ശാന്തമാകും. ജീവിതം പ്രാർത്ഥനയാകും. നമ്മെ നയിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ ശക്തിയെ നിരന്തരം ഏറ്റുപറഞ്ഞ് സ്തുതിഗീതങ്ങൾ ഉയർത്താൻ കഴിയും. എന്റെ ഹൃദയവാതിൽ എപ്പോഴും ദൈവത്തിന് കടന്നുവരുവാൻ തക്കവിധം തുറന്നതായിരിക്കണം. സഹജീവികളെ സ്നേഹത്തോടെ നോക്കി കാണുന്ന, ശത്രു മനോഭാവമില്ലാത്ത എല്ലാം ക്ഷമിച്ചു മറക്കുന്ന ഒരു ഹൃദയം. ആർക്കെങ്കിലും എന്നോട് വിരോധമുണ്ടെന്ന് തോന്നിയാലും അവരോട് സഹതപിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും കഴിയുക എന്നത് ദൈവം നൽകുന്ന സിദ്ധിയാണ്. അവർക്ക് എന്റെ സഹായം ആവശ്യമാകുന്ന സന്ദർഭത്തിൽ കരം നീട്ടി കൊടുക്കുക. ദൈവം നമ്മിൽ അത്ഭുതം പ്രവർത്തിക്കും. പ്രതികാര ചിന്ത നമ്മെ നശിപ്പിക്കും. അത് ദൈവത്തിന് വിട്ടുകൊടുക്കുക. സ്നേഹിക്കുക എന്നതൊഴികെ മറ്റൊന്നും ചിന്തിക്കാതിരിക്കുക. ദൈവത്തിന്റെ അത്ഭുതകരമായ കരം നമ്മെ നയിച്ചുകൊണ്ടിരിക്കും.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി തന്റെ പഠനങ്ങളിൽ പറയുന്നുണ്ട് അന്ധകാരത്തിന്റെ പിടിയിൽ നിന്ന് മോചനം നേടുന്നതിന് മനുഷ്യൻ ഈശ്വരനോട് സ്ഥാപിക്കുന്ന പവിത്രമായ ബന്ധമാണ് പ്രാർത്ഥന. പ്രകാശത്തിന്റേയും അന്ധകാരത്തിന്റേയും സംഘട്ടനങ്ങൾ അനുദിനജീവിതത്തെ അലട്ടുമ്പോൾ പ്രാർത്ഥനയിൽ ഉറച്ച് ദൈവകരങ്ങളിൽ മുറുകെ പിടിച്ച് പ്രകാശത്തിന്റെ ശക്തി ധരിക്കാൻ സാധിച്ചാൽ ഒരു ശക്തിക്കും നമ്മെ വീഴിക്കാനാവില്ല. ത്രിത്വൈക ദൈവത്തിന്റെ കരവലയത്തിലാണ് നമ്മൾ.

വില്യം ജകിൻതാ പിതാവിന്റെ പ്രാർത്ഥന ഇവിടെ ശ്രദ്ധേയമാണ്.



പിതാവേ,

കരഞ്ഞുകരഞ്ഞ് ഞങ്ങളുടെ കണ്ണുകൾ ക്ഷീണിച്ചു അങ്ങ് ഞങ്ങളോട് വളരെയധികം ചോദിക്കുന്നുവെന്ന് അങ്ങയോട് പറയുവാൻ ഞങ്ങൾ പ്രലോഭിതരാകുന്നു.

ദൈവമേ

വേദനയിൽ ഞങ്ങൾക്ക് സമാശ്വാസം നല്കുന്ന ആഴമായ വിശ്വാസവും അങ്ങ് സ്വർഗ്ഗത്തിൽനിന്ന് ഞങ്ങളെ സംരക്ഷിക്കുകയും കരുതലോടെ നോക്കുകയും ചെയ്യുന്നു എന്ന ഉറപ്പും ഞങ്ങൾക്ക് നല്കണമേ.

ആമേൻ.

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# സൗഖ്യദായകസ്പർശനം

മാത്യു കൊച്ചുമുറിയിൽ

സമാന്തരസുവിശേഷങ്ങളിൽ (മത്താ 9; മർക്കോ 5, ലൂക്കാ 8) ഏതാണ്ട് ഒരുപോലെ രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവമുണ്ട്. പന്ത്രണ്ടുവർഷമായി രക്തസ്രാവമുണ്ടായിരുന്ന ഒരു സ്ത്രീ ഈശോയുടെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ച് സുഖം പ്രാപിച്ച അത്ഭുതം. പന്ത്രണ്ടുവർഷമായി അവൾ പല വൈദ്യന്മാരെ സമീപിക്കുകയും കൈവശമുള്ള സമ്പത്തെല്ലാം ചെലവഴിക്കുകയും ചെയ്തു. അവളുടെ സ്ഥിതി മെച്ചപ്പെട്ടില്ലെന്നു മാത്രമല്ല, കൂടുതൽ മോശമാവുകയുമാണുണ്ടായത്. അവൾ ഈശോയെക്കുറിച്ച് കേട്ടു. അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു തൊട്ടാൽ മാത്രം മതി താൻ സുഖം പ്രാപിക്കുമെന്ന് അവൾ വിചാരിച്ചു.

വെറും കേട്ടറിവിൽനിന്നും പെട്ടെന്നുണ്ടായ ഒരു കേവലവിചാരമായിരുന്നു അത് എന്ന് കരുതുക വയ്യ. കാരണം പന്ത്രണ്ടു വർഷമായി ഒരുപിടി വൈദ്യന്മാരുടെ ചികിത്സ തേടി പരാജയപ്പെട്ടവളാണവൾ. ഈശോയെക്കുറിച്ചു കേട്ട അവൾ, ഈശോയുടെ ശക്തിയെക്കുറിച്ചും അവൻ പ്രവർത്തിച്ച അത്ഭുതങ്ങളെക്കുറിച്ചും വിശദമായി അന്വേഷിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടാവണം. അവളുടെ ബോദ്ധ്യം വിശ്വാസമായി മാറുകയും ഈശോയുടെ വസ്ത്രത്തിൽ സ്പർശിച്ചാൽ താൻ സുഖം പ്രാപിക്കും എന്ന് ഉറപ്പിക്കുകയും ചെയ്തു. എന്നാൽ നേരേ ചെന്ന് തൊടാനുള്ള ധൈര്യം അവൾക്കുണ്ടായിരുന്നില്ല. അവൾ ഒരവസരം പാർത്തിരുന്നു. അപ്പോഴാണ് ഈശോ, ചുറ്റും തിക്കിത്തിരക്കുന്ന ജനങ്ങൾക്കു മദ്ധ്യേ, സിനഗോഗധികാരി ജായ്റോസിന്റെ ഭവനത്തിലേക്ക് പോകുന്നത് അവൾ കാണുന്നത്. ഈ അവസരം അവൾ പ്രയോജനപ്പെടുത്തുന്നു. മറ്റാരെയും ശ്രദ്ധിക്കാതെയും ആരാലും ശ്രദ്ധിക്കപ്പെടാതെയും അവൾ ജനക്കൂട്ടത്തിൽ കടന്നുകയറുന്നു. ഈശോയുടെ പിന്നിലൂടെ സമീപത്തെത്തുന്നു. ഈശോ അറിയാതെ അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കുന്നു. തത്ക്ഷണം അവളുടെ രക്തസ്രാവം നിലച്ചു. താൻ രോഗവിമുക്തയായിരിക്കുന്നുവെന്ന് അവൾക്ക് ശരീരത്തിൽ അനുഭവപ്പെട്ടു. മറ്റാരും അറിയാതെയാണ് അവൾ ഈശോയെ തൊട്ടതെങ്കിലും, തന്നെ ആരോ സ്പർശിച്ചുവെന്നും തന്നിൽനിന്നും ശക്തി പ്രസരിച്ചുവെന്നും ഈശോ അറിയുകയും അത് വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ദീർഘനാളത്തെ കഷ്ടതകൾക്കു വിരാമമായി ആ രക്തസ്രാവക്കാരിസ്ത്രീ പൂർണ്ണമായും സൗഖ്യം പ്രാപിച്ചു - ഒരൊറ്റ 'തൊടൽ' കൊണ്ട്!

ഇന്നത്തെ സമൂഹത്തെ ഒന്നു ശ്രദ്ധിക്കൂ... ആബാലവൃദ്ധം വ്യാധിയിലാണിന്ന്. വിദ്യാർത്ഥികൾക്ക് പഠനം, പരീക്ഷ, മാർക്ക്, റാങ്ക് എന്നീ വ്യാധികൾ. വിദ്യാഭ്യാസം പൂർത്തിയാക്കി യോഗ്യത നേടിയവർക്ക് വ്യാധി തൊഴിലില്ലായ്മ, തൊഴിൽ ലഭിച്ചവർക്ക് തൊഴിൽരംഗത്തെ പ്രശ്നങ്ങൾ, ഉദ്യോഗകയറ്റം, സ്ഥലമാറ്റം തുടങ്ങിയ വ്യാധികൾ. മാതാപിതാക്കളുടെ വ്യാധി മക്കളും അവരുടെ ശോഭനമായ ഭാവിയുമാണെങ്കിൽ, വയോജനങ്ങൾ ആരോഗ്യത്തിന്റെയും അവർക്ക് സമൃദ്ധമായി ലഭിക്കുന്ന അവഗണനകളുടെയും വ്യാധിയിലാണ്. ഇങ്ങനെ എല്ലാ തലങ്ങളിലുമുള്ളവർ വ്യാധിയിലാണ്; ബന്ധപ്പെട്ട ആധിയിലും. വ്യാധികൾ

പലവിധമെങ്കിലും എല്ലാവരുടെയും ആശയും ലക്ഷ്യവും ഒന്നുതന്നെ - വ്യാധിയിൽനിന്നും വിമുക്തമാകണം; 'സുഖമാകണം'. അതിനായി പല വൈദ്യന്മാരെയും ആശ്രയിക്കുന്നു, ധാരാളം സമ്പത്തും വ്യയം ചെയ്യുന്നു. വിദ്യാർത്ഥികൾ കേട്ടറിയുന്നത്ര ഗൈഡുകളും, റാങ്കുഫയലുകളും വാങ്ങിക്കൂട്ടുന്നു. എത്താവുന്നിടത്തൊക്കെ റ്റ്യൂഷനു പോകുന്നു. തൊഴിലന്വേഷകർ അപേക്ഷകൾ അയയ്ക്കുന്നു, ടെസ്റ്റുകളെഴുതി ഇന്റർവ്യൂവിൽ സംബന്ധിച്ച് വേണ്ടത്ര ശുപാർശകളും എത്തിക്കുന്നു. മാതാപിതാക്കളും വയോജനങ്ങളും തങ്ങൾക്കാവുന്ന വിധത്തിലെല്ലാം വിമോചനമാർഗ്ഗങ്ങൾ തേടുന്നു. ഇവയൊന്നുംതന്നെ അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നില്ല, എന്നു മാത്രമല്ല, കൂടുതൽ മോശമാക്കുകയാണ് ചെയ്യുന്നത്.

പൂർണ്ണമായ സൗഖ്യം, സ്ഥായിയായ സൗഖ്യം നല്കാൻ കഴിവുള്ള വൈദ്യൻ ഈശോയാണെന്നറിയാൻ കുറേ വർഷങ്ങൾ വേണ്ടിവരും. എപ്പോഴും വൈകിവരുന്ന തിരിച്ചറിവാണല്ലോ 'ദൈവാശ്രയബോധം'. ഇനി ആ വഴിക്കാവും പരിശ്രമം! കേട്ടറിവുള്ള ധ്യാനകേന്ദ്രങ്ങളിലും പ്രാർത്ഥനാലയങ്ങളിലും മാറിമാറിപ്പോകും. രോഗശാന്തിശുശ്രൂഷകളിലും വിരുന്നുകളിലും ഫെസ്റ്റുകളിലും എല്ലാം സംബന്ധിക്കും. തിരികൾ കത്തിക്കും, എണ്ണ ഒഴിക്കും, സ്തോത്രക്കാഴ്ചകൾ നല്കും. കൈകൾ ഉയർത്തിയും താഴ്ത്തിയും, വിരിച്ചും വീശിയും, ഉച്ചത്തിലും താഴ്ന്നസ്വരത്തിലും സ്തോത്രം ആലപിക്കും. അങ്ങനെയൊക്കെ ഈശോയെ 'തൊടാൻ' ശ്രമിക്കും; തൊട്ടെന്ന് അവകാശപ്പെടുകയും ചെയ്യും.

പക്ഷേ, ഈ സ്പർശനങ്ങളൊന്നും സൗഖ്യദായകമാകുന്നില്ല. കാരണം, ഇത്തരം സ്പർശനങ്ങൾ ഈശോയിൽനിന്നും ശക്തി പ്രസരിപ്പിക്കാൻ പര്യാപ്തമാകുന്നില്ല എന്നതുതന്നെ. രക്തസ്രാവക്കാരിസ്ത്രീ സ്പർശിച്ചപ്പോൾ ഈശോയിൽനിന്നും ശക്തി പ്രസരിച്ചു, അവൾ സൗഖ്യം പ്രാപിക്കുകയും ചെയ്തു. അവളുടെ സ്പർശനത്തിന് ആഴമായ അറിവിന്റെയും, അതിലൂടെ രൂപംകൊണ്ട തീവ്രമായ വിശ്വാസത്തിന്റെയും പിൻബലമുണ്ടായിരുന്നു. 'ഒത്തെങ്കിൽ ഒക്കട്ടെ' എന്നതായിരുന്നില്ല അവളുടെ മനോഭാവം. അവന്റെ വസ്ത്രത്തിന്റെ 'വിളുമ്പിൽ തൊട്ടാൽ' മാത്രം മതി, താൻ രോഗവിമുക്തയാകും എന്ന ഉറച്ച തീരുമാനത്തിലേക്ക്, ഉത്തമബോധ്യത്തിലേക്ക് എത്തിച്ചേരാൻ തക്കവണ്ണം ഈശോയെക്കുറിച്ചുള്ള അവളുടെ അറിവ് വളർന്നിരുന്നു; വിശ്വാസം ആഴപ്പെട്ടിരുന്നു.

ചോദിക്കുന്നതു ലഭിക്കാൻ, ആഗ്രഹിക്കുന്നത് സാധിതമാക്കാൻ, വിശ്വാസം ഒരവശ്യവ്യവസ്ഥയാണെന്ന് ഈശോയുടെ വാക്കുകൾതന്നെ സാക്ഷ്യം നല്കുന്നുണ്ടല്ലോ (മത്താ 21,22; മർക്കോ 11,23-24). ആഴപ്പെട്ട വിശ്വാസവും അതിലേക്കു നയിക്കുന്ന അറിവും ഉത്തമബോദ്ധ്യവുമാണ് ഇന്നിന്റെ തലമുറയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നത്, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഈശോയെക്കുറിച്ചുള്ള അറിവ് ഇന്നും മുൾപ്പടർപ്പിൽ വീണ വിത്തായി കിടക്കുന്നു. ലോകവ്യഗ്രതകൾ, ആ വിത്തിന് ആഴത്തിൽ വേരോടാനും വളർന്ന് ബോദ്ധ്യത്തിലേക്കുയരാനും തടസ്സമായി നില്ക്കുന്നു. വിവിധ സ്രോതസ്സുകൾ തേടിയുള്ള പരക്കംപാച്ചിൽ ശരിയായ, വിശ്വാസ്യതയുള്ള അറിവിന് മങ്ങലേല്പിക്കുന്നു. അങ്ങനെ, ശക്തി പ്രസരിപ്പിക്കാനാവാത്ത സ്പർശനംകൊണ്ട് തൃപ്തിയടയേണ്ടിവരുന്നു. പരിഹാരം ഒന്നേയുള്ളു. രക്തസ്രാവക്കാരിയുടെ വിശ്വാസബോധ്യതലത്തിലേക്കു വളരുക. ഈശോയെ ശരിയായി അറിയുക. അതിന്, സത്യസന്ധവും വിശ്വാസയോഗ്യവുമായ അറിവ് നല്കുന്ന കേന്ദ്രങ്ങളിൽ പോകുക, അതിനുള്ള സംവിധാനങ്ങളോട് സഹകരിക്കുക, ആളുകളോട് ബന്ധപ്പെടുക, ചാഞ്ചല്യമില്ലാത്ത ഒരു മനസ്സ് രൂപപ്പെടുത്തിയെടുക്കുക. അപ്പോൾ അറിവ് ബോദ്ധ്യത്തിലേക്കും, ബോദ്ധ്യം ആഴമേറിയ വിശ്വാസത്തിലേക്കും വളരും. രക്തസ്രാവക്കാരിയുടെ വിശ്വാസതലത്തിലെത്തിച്ചേരും. അപ്പോൾ ഈശോയെ സ്പർശിക്കാൻ ശ്രമിക്കുക, സ്പർശിക്കുക. ശക്തി പ്രസരിക്കും, സൗഖ്യമുണ്ടാകും, തീർച്ച. "സമാധാനത്തോടെ പോവുക, വ്യാധിയിൽനിന്നും വിമുക്തരായിരിക്കുക" എന്ന ഈശോയുടെ സ്വരം കാതുകളിൽ മുഴങ്ങുകയും ചെയ്യും.

# മാർ ജോർജ് ആലഞ്ചേരി

# സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്



സ്വയം ഭരണാധികാരമുള്ള പൗരസ്ത്യ കത്തോലിക്കാ സഭ എന്ന നിലയിൽ സീറോ മലബാർ സഭയുടെ മെത്രാൻ സിനഡ് ആദ്യമായി നേരിട്ടു തിരഞ്ഞെടുക്കുന്ന മേജർ ആർച്ച് ബിഷപ്പാണു മാർ ജോർജ് ആലഞ്ചേരി. എറണാകുളം അങ്കമാലി അതിരൂപതയുടെ അഞ്ചാമത്തെ മെത്രാപ്പോലീത്തായാണു മാർ ജോർജ് ആലഞ്ചേരി പിതാവ്.

ക്രൈസ്തവ വിശ്വാസവും പാരമ്പര്യങ്ങളും അകമെയും, പുറമെയും നിന്നു ഭീഷണികൾ നേരിടുമ്പോൾ സഭയെ നയിക്കുക എന്നതു കടുത്ത വെല്ലുവിളിതന്നെ. എന്നാൽ ദൈവത്തിന്റെ അനന്തകാരുണ്യത്തിൽ വിശ്വാസമർപ്പിച്ച് ഈ ദൗത്യം ഏറ്റെടുക്കാൻ സന്നദ്ധനായ മാർ ജോർജ് ആലഞ്ചേരി പിതാവ് സമകാലിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട ആത്മീയനേതാവാണ്. വ്യക്തിബന്ധങ്ങൾ പാലിക്കുന്നതിനും അതിലെ ഊഷ്മളത കാത്തുസൂക്ഷിക്കുന്നതിനും ആലഞ്ചേരി പിതാവിന് അനിതരസാധാരണമായ കഴിവുണ്ട്. സംഭാഷണങ്ങളിലെ മധുരമായ നർമം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഒരു സ്വർണ്ണക്കസവാണ്. വേഗത്തിൽ നടന്ന്, തോളത്തു തട്ടി, കുശലാന്വേഷണം നടത്തി ജനക്കൂട്ടത്തിലൂടെ കടന്നുപോകുമ്പോൾ ആരെയും അവഗണിക്കാതിരിക്കാനുള്ള കരുതലും കാണിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയിലെ തുരുത്തി ഇടവകയിലാണു പിതാവിന്റെ ജനനം. ഒന്നേകാൽ നൂറ്റാണ്ടു പഴക്കമുള്ള തുരുത്തിപള്ളിയുടെ അന്തരീക്ഷത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ ആധ്യാത്മിക ജീവിതത്തിന്റെ തുടക്കം.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു ആദ്യനിയമനം. കത്തീഡ്രലിലെ സേവനത്തിനുശേഷം കുറെക്കാലം ചങ്ങനാശ്ശേരി അരമനയിൽ പ്രവർത്തിച്ചു. അതിനുശേഷം എറണാകുളം കലൂരിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ ഡയറക്ടറായി നിയമിതനായി. അതിരൂപതയുടെ വികാരി ജനറാളായി നിയമിതനായ അദ്ദേഹം അതിരൂപതയുടെ ദൈനംദിന ഭരണത്തിൽ നിർണായകമായ പങ്കു വഹിച്ചു. അതിനുശേഷം തക്കല രൂപതാധ്യക്ഷനായി നിയമിതനായി.

വിവിധ രാജ്യങ്ങളിലായി നാല്പതു ലക്ഷത്തോളം വിശ്വാസികളുള്ള സീറോ-മലബാർ സഭയുടെ പ്രവർത്തന മേഖലകൾ വൈവിധ്യപൂർണമാണ്. സുവിശേഷ സാക്ഷ്യത്തിനുള്ള കരുത്തുറ്റ നേതൃത്വമാണ് പുതിയ മേജർ ആർച്ച് ബിഷപ്പിൽ നിക്ഷിപ്തമായിരിക്കുക. വിശ്വാസി സമൂഹത്തെ ആധ്യാത്മികതയിൽ പരിപോഷിപ്പിക്കുന്നതിനൊപ്പം സഭാഘടനയെ സുദൃഢമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ഭാരിച്ച ഉത്തരവാദിത്വവും അദ്ദേഹത്തിനുണ്ട്. പുതിയ മേജർ ആർച്ച് ബിഷപ്പായി നിയമിതനായ മാർ ജോർജ് ആലഞ്ചേരി പിതാവിന് വിശ്വാസികളേവരുടെയും പ്രാർത്ഥനാ നിർഭരമായ ആശംസകൾ!!!.

**റെസി കറുകപറമ്പിൽ**



# ആത്മാവിൽ നവ സൃഷ്ടിയാകാൻ സ്നേഹത്തോടെ എല്ലാം നോക്കിക്കാണാം

ലീനാ അറയ്ക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനുമുമ്പു തന്നെ അവിടുന്നു നമ്മെ മിശിഹായിൽ തിരഞ്ഞെടുത്തു" (എഫേ 1,4).*

"ദൈവപിതാവ് മനുഷ്യന് തന്നോടുള്ള സ്നേഹത്തെ അളക്കുന്നത് അവൻ സ്നേഹത്തിന്റെ പടികൾ എത്രമാത്രം ചവിട്ടിക്കയറി, എന്തുമാത്രം കാര്യങ്ങൾ ചെയ്തു എന്നതിനെ ആശ്രയിച്ചല്ല, മറിച്ച് അവനതിനായി എത്രമാത്രം പരിശ്രമിച്ചു, എത്രമാത്രം തീവ്രത ആ പരിശ്രമത്തിനുണ്ടായിരിന്നു എന്നതിനെ ആസ്പദമാക്കിയാണ്. കാരണം ദൈവത്തിന്റെ അളവുകോൽ നമ്മുടേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അവിടുത്തെ മുമ്പിൽ നടത്തേണ്ട പ്രയത്നം എത്ര തെറ്റുപറ്റിയാലും വീണ്ടും ആരംഭിക്കുകയാണ്" (ദൈവദാസൻ വില്യം ജകമീന്താപിതാവ്).

ദൈവത്തിന്റെ സ്നേഹം നമ്മെ സദാ അനുധാവനം ചെയ്യുന്നു. ഈ സ്നേഹഭാവമാണ് നമുക്ക് നമ്മുടെ നേർക്കും നമ്മുടെ സഹോദരങ്ങളുടെ നേർക്കും ഉണ്ടാകേണ്ടത്. ദൈവം നമ്മെ നല്ലവരായി കാണുന്നുവെങ്കിൽ (ഉൽ 1,27-31) നാമും നമ്മെത്തന്നെയും മറ്റുള്ളവരേയും നല്ലവരായി കാണേണ്ടവരല്ലേ?. ഓരോ ദിവസവും നമ്മെ 'മക്കളെ' എന്നു വിളിക്കുന്ന ദൈവസ്നേഹത്തിൽ നിന്നും മാത്രമേ ഈ സഹോദരഭാവം നിർഗ്ഗളിക്കൂ. മറ്റുള്ളവർ നമുക്കു തടസ്സമായും അപരിചിതരായും നിർവികാരരായും കാണപ്പെടുമ്പോൾ എങ്ങനെ അവർ നല്ലവരാണ് എന്ന് കരുതാനാവും എന്ന് നാം ചിന്തിച്ചുപോയേക്കാം. ഇവിടെ മറ്റുള്ളവരെ നല്ലവരായി കാണുവാനുള്ള രഹസ്യം 'വീണ്ടും ആരംഭിക്കുകയാണ്'. അതേ ഓരോ ദിവസവും മറ്റുള്ളവരോട് പുഞ്ചിരിക്കാനും സഹായഹസ്തം നീട്ടാനും എല്ലാറ്റിനുമുപരി സ്നേഹിക്കാനും തയ്യാറാകുക എന്നതാണീ വലിയ രഹസ്യം. വിശുദ്ധിയിലേക്കുള്ള ഈ വിജയരഹസ്യം പ്രാവർത്തികമാക്കുന്നതിനായി:-


**നമ്മോടുതന്നെ:** ശുഭാപ്തിവിശ്വാസത്തോടും പ്രത്യാശയോടും കൂടി ഓരോ ദിവസവും ആരംഭിക്കുക. ഒപ്പം മറ്റുള്ളവർക്ക് നല്കുന്നതിനായി ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദാനങ്ങളെ കണ്ടെത്തി പ്രവൃത്തി പഥത്തിലെത്തിക്കുക.

**ദൈവത്തോട്:** ഓരോ ദിവസത്തിന്റെയും അന്ത്യത്തിൽ ദൈവം തന്ന നന്മകൾക്കെല്ലാം നന്ദി പറയുകയും അന്നേ ദിവസം വന്നുഭവിച്ച അനുഭവങ്ങളെ ദൈവതിരുമനസ്സായി കാണുകയും ചെയ്യുക.

**മറ്റുള്ളവരോട്:** മറ്റുള്ളവരിലും അവരുടെ പ്രവൃത്തികളിലും എപ്പോഴും നന്മകാണുവാൻ ശ്രമിക്കുകയും മറ്റുള്ളവരെ വിധിക്കുന്നതിൽ നിന്നും മായാസ്തുതികൾ പറയുന്നതിൽ നിന്നും അകന്നു നില്ക്കുകയും ചെയ്യുക.

**സാഹചര്യങ്ങളോട്:** നന്മയുടെ അന്തരീക്ഷത്തെ കരുപ്പിടിപ്പിക്കുന്നതിന് സദാ ശ്രദ്ധാലുവാകുക. ഒപ്പം സാഹോദര്യത്തിന്റെ, പ്രത്യാശയുടെ പ്രായോഗിക പ്രവൃത്തികളിലൂടെ പരിമളം ചുറ്റിലും പ്രസരിപ്പിക്കുക.

പ്രതീക്ഷയുടെ പൂമൊട്ടുകൾ




# “എൻട്രൻസ് എക്സാം”

ഷിജി പറപ്പള്ളിയാത്ത്

ഏതു കുട്ടിക്കും പരിചിതമായ ഒരു വാക്ക്. വിദ്യാരംഭം മുതൽ മരണക്കിടക്കവരെ എൻട്രൻസ് എക്സാം. മകനോ മകൾക്കോ ഒരു “വൈറ്റ് കോളർ ജോബ്” കിട്ടാൻ പല കേന്ദ്രങ്ങളിലേക്ക് പണം വാരിയെറിയുന്ന മാതാപിതാക്കന്മാർ. എന്നാൽ അവനോ, അവളോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വരണമെന്ന് അപ്പനും അമ്മയും ആശിക്കുന്നില്ല. നേരമില്ലല്ലോ! അതുകൊണ്ടേന്തേ യഥാർത്ഥ ദർശനമില്ലാത്തവരുടെ കണ്ണുകൾ ഭാവിയിൽ വറ്റാത്ത കണ്ണീർപ്പാടങ്ങളായി അവശേഷിക്കും. കോച്ചിങ്ങ് സെന്ററിലേക്ക് പോയാൽ കുഞ്ഞുങ്ങൾ ദുശ്ശീലങ്ങളുടെ പായൽ വീണ മാർബിൾ പോലെയാകും. വിദ്യ സമ്പാദിക്കാൻ മക്കൾ തിരഞ്ഞെടുക്കുന്ന മാധ്യമങ്ങൾ ഏവയെന്ന് പരിശോധിക്കാത്ത മാതാപിതാക്കൾ യഥാർത്ഥത്തിൽ അവരുടെ കടമതന്നെ മറക്കുകയാണ് ചെയ്യുന്നത്. ചിന്തയിലും പ്രവൃത്തിയിലും നവനവങ്ങളായ ആദർശങ്ങൾ പുലർത്തുവാൻ, അവരിലെ യഥാർത്ഥ മനുഷ്യചൈതന്യത്തെ ഉണർത്തി വളർത്തുവാൻ ദൈവകൃപയുടെ ഒരു കൈത്തിരി പകരുവാൻ അപ്പനമ്മമാർക്ക് കഴിഞ്ഞിരുന്നെങ്കിൽ! “വിശ്വാസത്തിലും ശ്രദ്ധയിലും ഉയരുക വഴി, ആത്മലയനവും സ്വത്വബോധവും വഴി, വിവേകിയാം മനുഷ്യൻ തന്റെ ആത്മാവിനായൊരു ദ്വീപുണ്ടാക്കുന്നു. ജലരാശിക്ക് കവരാനാവാത്ത ദ്വീപ്”. (ബുദ്ധൻ) സാമൂഹ്യജീവിയായ മനുഷ്യൻ വളരേണ്ടത് ബന്ധങ്ങളിലൂടെയാണ്. മനുഷ്യർക്കും പ്രകൃതിക്കും ദൈവപരിപാലനയുടെ തലോടലും പ്രാർത്ഥനയുടെ ശക്തിയും ദൈവവചനത്തിന്റെ പോഷണവും ലഭ്യമായാൽ യഥാർത്ഥ ബന്ധങ്ങളുടെ വേരുകൾ ആഴത്തിൽ ബലപ്പെടുത്തുവാൻ ഉപയുക്തമാകും. മറിച്ചായാൽ നൈസർഗ്ഗികത നഷ്ടപ്പെട്ട വെറും കൃത്രിമത്വത്തിന്റെ പരസ്യപകർപ്പുകളായി വഴിയോരങ്ങളിൽ നിലയുറപ്പിക്കേണ്ടിവരും. മക്കൾ ചോദ്യമാണെങ്കിൽ അപ്പനമ്മമാർ ഉത്തരമായി നിലകൊള്ളണം. യഥാർത്ഥ ജ്ഞാനാന്വേഷണത്തിൽ സ്വന്തം സത്തയിലേക്കുള്ള പ്രയാണവും ഉൾപ്പെടുന്നു. അത് ആത്മവിശ്വാസത്തിന്റെ അടിത്തറയിൽ നിലയുറപ്പിച്ചതുമാകും. മൂല്യബോധത്തിന്റെ എണ്ണപകർന്ന് കുഞ്ഞുമനസ്സുകളിൽ മൺചിരാതുകൾ തെളിച്ചാൽ, ഇരുളിൽ വഴിമുട്ടിനിൽക്കുന്ന അവരുടെ വഴികണ്ണിന് തെളിച്ചവും തെളിമയും നല്കാൻ കഴിയും.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ



അശ്വതി പുതുമന
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**1-ാം ദൈവരഹസ്യം:** ഇതാ ഞാൻ കർത്താവിന്റെ ദാസി എന്നു പറഞ്ഞുകൊണ്ട് ദൈവതിരുമനസിന് കീഴ്പ്പെട്ട പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, ഈ വാക്കുകളിലൂടെ അമ്മ ഹൃദയത്തിലും, അനുദിന ജീവിത സാഹചര്യങ്ങളിലും പൂർണ്ണമായും ദൈവവചനം സ്വീകരിച്ചുകൊണ്ട് ദൈവചിത്തത്തിന് വഴങ്ങുകയായിരുന്നുവല്ലോ. പരി. അമ്മേ, അങ്ങയെപ്പോലെ അനുനിമിഷം ഞങ്ങളിലേക്ക് കടന്നുവരുന്ന ദൈവഹിതത്തെ മനസിലാക്കാനും അതിന് പ്രത്യുത്തരം നൽകുവാനും അമ്മ ഞങ്ങളെ സഹായിക്കണമേ.

**2-ാം ദൈവരഹസ്യം:** പ്രാർത്ഥനയിലും സമ്പൂർണ്ണ സംലഭ്യതയിലും പരി. ആത്മാവിനെ സ്വീകരിക്കുന്ന മറിയത്തെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, ഞങ്ങളുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ശ്രവിക്കുവാനും ഗ്രഹിക്കുവാനും ആത്മാവിന്റെ നിവേശനങ്ങൾക്ക് പരിപൂർണ്ണ സംലഭ്യരായിരിക്കുവാനും അമ്മ ഞങ്ങളെ സഹായിക്കണമേ.

**3-ാം ദൈവരഹസ്യം:** നിന്റെ വചനം പോലെ എന്നിൽഭവിക്കട്ടെ എന്ന് പ്രത്യുത്തരിച്ച മാതാവിന്റെ എളിമനിറഞ്ഞ മനോഭാവത്തെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, ഓരോ നിമിഷവും സ്വന്തം ഹിതത്തെ ദൈവഹിതമാക്കി മാറ്റി എളിമയുടെ ജീവിതം നയിക്കുവാൻ അമ്മ ഞങ്ങളെ സഹായിക്കണമേ.

**4-ാം ദൈവരഹസ്യം:** ഈശോയാൽ നിറയുകയും മറ്റുള്ളവർക്ക് ഈശോയെ കൊടുക്കുകയും ചെയ്യുന്ന പരി. മറിയത്തെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, നിന്നെപ്പോലെ ഈശോയാൽ നിറയുവാനും ഞങ്ങൾ അറിഞ്ഞതും അനുഭവിച്ചതും ആന്തരിക നയനങ്ങൾകൊണ്ട് ദർശിച്ചതുമായ ഈശോയെ മറ്റുള്ളവർക്ക് കൊടുക്കുവാനുമുള്ള പ്രേഷിത തീക്ഷ്ണതയാൽ ജ്വലിക്കുവാൻ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

**5-ാം ദൈവരഹസ്യം:** ജീവിതത്തിന്റെ വേറിട്ട സാഹചര്യങ്ങളിൽ ശാന്തത കൈവിടാത്ത പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

അമ്മേ മാതാവേ, അനുദിന ജീവിതത്തിൽ ഞങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും സങ്കടങ്ങളും ഈ ലോകജീവിതത്തിൽ തരണം ചെയ്യേണ്ട ഓരോ പ്രതിസന്ധിഘട്ടങ്ങളും ശാന്തതയോടെ നേരിടുവാനും സന്തോഷത്തോടെ സ്വീകരിക്കുവാനും അങ്ങനെ എല്ലാവർക്കും ദാനമായി തീരുവാനും അമ്മ ഞങ്ങളെ സഹായിക്കണമേ.

ഓ, പരി. മറിയമേ, മക്കളായ ഞങ്ങൾ നിന്നെ വിളിച്ചപേക്ഷിക്കുന്നു. ദൈവത്തിന്റെ അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ. ഞങ്ങൾക്ക് മാതൃകയും ഞങ്ങളെ നയിക്കുന്നവളുമായ പരി. അമ്മേ, വരുവാനുള്ള ലോകത്തിലെ ഞങ്ങളുടെ തീർച്ചയും നീയാണ്. അമ്മേ നിന്നെ ഞങ്ങൾക്ക് കണ്ടുമുട്ടണം. നിന്നെ ഞങ്ങൾക്ക് സ്തുതിക്കണം. നിന്റെ മാറിൽ ഞങ്ങൾക്ക് വിശ്രമിക്കണം. അമ്മേ നിന്റെ പ്രകാശം ഞങ്ങളുടെ യാത്രയെ പ്രകാശിപ്പിക്കട്ടെ. ആമേൻ.

വിചാരണ





# അവന്റെയൊരു മൊവീല്

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

എന്റെ മോന്റെ ഫോണിൽ മാതാവിന്റെ പടവും ഈശോപ്പാട്ടും മാത്രമേയുള്ളു. എപ്പോ വിളിച്ചാലും നല്ല പാട്ടാ. സെൽഫോണിന്റെ ദുരുപയോഗത്തെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്ന ഒരവസരത്തിൽ ചർച്ചയിൽ പങ്കെടുത്ത ഒരമ്മച്ചി അഭിമാനത്തോടെ പറഞ്ഞു. മകന്റെ ഫോണിന്റെ മെമ്മറി കാർഡിലേക്കുള്ള വാതിൽ തുറക്കാനറിയാത്ത അമ്മച്ചി ആ വിശ്വാസത്തിൽ സമാധാനത്തോടെ ജീവിക്കട്ടെ.

ഫോണിന്റെ സങ്കീർണങ്ങളായ സാങ്കേതികവശങ്ങളെക്കുറിച്ച് വിവരമില്ലാത്ത മാതാപിതാക്കളെ ചില വിരുതന്മാർ മാതാവിന്റെ പടത്തിന്റെ മറവിൽ വിഡ്ഢികളാക്കുന്നുണ്ട്. മക്കളുടെ ഫോണിന്റെ മെമ്മറി കാർഡിലെ രഹസ്യഫോൾഡറുകളും ഇൻബോക്സുമൊക്കെ തുറന്ന് ഒരു മിന്നൽറെയ്ഡ് നടത്തിയാൽ അപ്പോൾ കാണാം മാതൃഭക്തന്റെ തനിസ്വരൂപം! ഫോണിന്റെ രഹസ്യ അറകളിൽ പൂട്ടപ്പെട്ട ഇക്കിളിപ്പെടുത്തുന്ന മെസേജുകളും തുണിമറന്ന തരുണികളും സെൻസർബോർഡ് നീക്കംചെയ്ത ചലചിത്ര ഭാഗങ്ങളും കൂട്ടുകാരുടെയോ തന്റെതന്നെയോ നീലവികൃതികളുമൊക്കെ പുറത്തുവരും. അശ്ലീലതയുടെ ഡിജിറ്റൽ എഡിഷനായി മാറിയിരിക്കുന്നു പോക്കറ്റിൽ കൊണ്ടുനടക്കുന്ന സെൽഫോണുകൾ...

കൗമാരയൗവന കാലഘട്ടങ്ങളിൽ ജീവിതത്തിൽ ഉദിച്ചുനില്ക്കുന്ന ചില വികാരങ്ങളെ പക്വതയുടെ വഴി കാണിച്ചുകൊടുക്കാൻ കഴിയുമ്പോഴാണ് ഉത്തമവ്യക്തിത്വത്തിന്റെ ശോഭ പ്രസരിപ്പിക്കുന്നവരായി യുവജനങ്ങൾ മാറുന്നത്. എന്നാൽ ആ വികാരങ്ങൾക്കു അധമമായ ആവേശം പകർന്നു വികലമായ വ്യക്തിത്വങ്ങളിലേക്കു നയിക്കാൻ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ഉപകരണമാണ് സെൽഫോൺ. വർത്തമാന കാലത്തിൽ യുവജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പൊതുസമൂഹം ഗൗരവവിശകലനത്തിനു വിധേയമാക്കേണ്ടതാണ്. ഒളിച്ചോട്ടങ്ങളും ആത്മഹത്യകളും ബ്ലാക്ക്മെയ്ലിംഗും വാർത്തയല്ലാതായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ അവയ്ക്കെല്ലാം പ്രധാനകാരണമായി പ്രതിക്കൂട്ടിൽ നില്ക്കുന്നത് സെൽഫോണെന്ന കുഞ്ഞൻ യന്ത്രമാണ്.

കുടുംബബന്ധങ്ങളുടെ നാലു ചുവരുകൾക്കുള്ളിൽനിന്ന് സുഹൃദ്ബന്ധങ്ങളുടെ വിശാല സ്പെയ്സിലേക്ക് ഒരുവനെ കൈപിടിച്ചു വിടുന്ന സെൽഫോണുകൾ, ബന്ധങ്ങളിൽനിന്ന് കുടുംബാംഗങ്ങൾ അവഗണിക്കപ്പെടുന്ന അവസ്ഥകൾക്കും ഉത്തരവാദികളാണ്. ഇരുപത്തിനാലു മണിക്കൂറുകളും തുടരുന്ന മെസേജിങ്ങും ചാറ്റിങ്ങും സാവധാനം മസാജിങ്ങിലേക്കും ചീറ്റിങ്ങിലേക്കും മാറുമ്പോഴേക്കും കുടുംബബന്ധങ്ങൾ അന്യമായിക്കഴിഞ്ഞിരിക്കും. അതുകൊണ്ടല്ലേ അങ്ങനെയുള്ള സാഹചര്യങ്ങളിൽ പ്രിയപ്പെട്ടവരെ ഓർക്കാതെ ജീവിതത്തിൽനിന്നൊളിച്ചോടുവാൻ പലരും ശ്രമിക്കുന്നത്?

നന്മകളുടെ അനന്തസാദ്ധ്യതകൾ ഉള്ളപ്പോഴും തിന്മയുടെ കൂടാരമായി സെൽഫോണുകൾ മാറാതിരിക്കണമെങ്കിൽ അതുപയോഗിക്കുന്നവർ പക്വതയുള്ള വ്യക്തിത്വങ്ങളായി രൂപാന്തരപ്പെടണം. അധാർമികതയോടും തിന്മകളോടും പുറംതിരിഞ്ഞു നില്ക്കാൻ യുവജനങ്ങൾ പ്രാപ്തരാക്കപ്പെടണം. ചുവടുതെറ്റിയ യുവഹൃദയങ്ങളെ തിരിച്ചറിഞ്ഞ് നന്മയുടെ ജീവിതതാളത്തിലേയ്ക്കവരെ തിരികെയെത്തിക്കണം. മാതാപിതാക്കളോടൊപ്പം സഭയും സഭയുടെ പ്രസ്ഥാനങ്ങളും ജാഗ്രതയോടെ പ്രവർത്തിക്കേണ്ട മേഖലയാണിത്. മനുഷ്യത്വത്തെ ആദരിക്കുകയും വ്യക്തികളെ ബഹുമാനിക്കുകയും ചെയ്യുന്നവരായി യുവജനങ്ങൾ മാറുമ്പോൾ ഇതുപോലുള്ള ദുരന്തങ്ങളിലേക്ക് അവർ വഴുതി വീഴാതിരിക്കും. സഭയുടെ ആരംഭത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും ധ്യാനിക്കുന്ന ഈ ആരാധനക്രമ കാലഘട്ടത്തിൽ ഇതുമൊരു ധ്യാനവിഷയമായി ഹൃദയത്തിൽ സൂക്ഷിക്കണം, ചില ക്രിയാത്മക പ്രവൃത്തികളിലേക്കു നയിക്കുന്ന ധ്യാനവിഷയമായി.

## “ഇതാകുന്നു ദൈവഹിതം നിങ്ങളുടെ വിശുദ്ധീകരണം”

(1 തെസ 4.3).



ദൈവദാസൻ
ബിഷപ് വില്യം ജകീന്താ


### ദൈവസ്നേഹത്തിന്റെ വാഹകൻ

‘സ്നേഹത്തിന്റെ മാറ്റ് അറിയുന്നത് ത്യാഗം കൊണ്ടാണല്ലോ’ എന്ന വിശുദ്ധരുടെ വാക്യം വില്യം ജകിന്താപിതാവ് തന്റെ വിശുദ്ധമായ ജീവിതത്തിലൂടെ പ്രകടമാക്കി. എപ്പോഴും ആർക്കും സ്വാഗതമരുളുന്ന ഒരു പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. എല്ലാവരെയും ശ്രവിക്കുന്ന, സ്വീകരിക്കുന്ന, വീഴ്ചകളിൽ, ബലഹീനതകളിൽ കൈപിടിച്ചു നടത്തുന്ന എളിമ നിറഞ്ഞ ഒരു ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. ദൈവസ്നേഹത്താലും സഹോദരസ്നേഹത്താലും എരിയുന്ന ഒരു ഹൃദയമായിരുന്നു അദ്ദേഹത്തിൽ കാണാൻ കഴിയുക. ലോകം മുഴുവനും സ്നേഹം കൊണ്ട് പൊതിയുവാൻ ആ വിശാലഹൃദയം ദാഹിച്ചു. ഒപ്പം നന്ദി നിറഞ്ഞ ഒരു ഹൃദയമായിരുന്നു ജകിന്താ പിതാവിൽ വിളങ്ങിയിരുന്നത്. മനുഷ്യരെ തമ്മിൽ സ്നേഹിപ്പിക്കുവാനും അവരുടെ ജീവിതത്തിൽ ആഴമായ സ്നേഹബന്ധം കെട്ടിപ്പടുക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. സ്നേഹനിധിയായ പിതാവ് തനിക്കായ് ഒന്നും മാറ്റിവച്ചില്ലായിരുന്നു. അദ്ദേഹത്തിന് വിൽപത്രവും ഇല്ലായിരുന്നു. മരണശേഷം കബറടക്കിയതുപോലും മറ്റുള്ളവരുടെ കല്ലറയിലായിരുന്നു. തന്റെ വിരലിലണിഞ്ഞിരുന്ന മെത്രാന്റെ സ്ഥാനമോതിരം മാത്രം അദ്ദേഹം അവസാനംവരെ സൂക്ഷിച്ചിരുന്നു. ഒരിക്കൽ ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി. “നിങ്ങൾ സ്നേഹിക്കുവിൻ...നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഇതാണ് നിങ്ങൾക്കായുള്ള എന്റെ വിൽപത്രം”...ദൈവസ്നേഹത്താലും സഹോദരസ്നേഹത്താലും ജ്വലിച്ചുനിന്ന ആ ഹൃദയം-സ്നേഹത്താൽ വിളങ്ങി പ്രകാശിക്കുവാൻ മക്കളോട് അപേക്ഷിക്കുന്ന ഒരു ഹൃദയം-അതായിരുന്നു മക്കൾക്കായുള്ള അദ്ദേഹത്തിന്റെ വിൽപത്രം...

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''വിശുദ്ധിയിലേയ്ക്കുള്ള സാർവ്വത്രിക വിളി ദൈവപിതാവിന്റെ സന്ദേശവും ഈശോയുടെ വിൽപത്രവും സഭയുടെ ലക്ഷ്യവും മനുഷ്യകുലത്തിന്റെ പ്രത്യാശയുമാണ് ''

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ



For private circulation only

പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്